വോള്യം - 07 ലക്കം - 124 മാർച്ച് 2024 മലയാളം - ഇംഗ്ലീഷ്

# ഫിലിം വിഷൻ

filca
FILM LOVERS CULTURAL ASSOCIATION

KSFDC

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം


DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY


Website : www.filca.in E-mail: filcakerala@gmail.com

**FILCA FILM SOCIETY PRESENTS PSYCHO MAGICAL VISUAL LANGUAGE OF WORLD CINEMA**

IN ASSOCIATION WITH BSS CHALACHITHRA MANDALAM, LOTTERY DEPT., KSFDC, CHALACHITHRA AKADEMY, SOORYA FILM SOCIETY, CHALACHITHRA FILM SOCIETY, BEAM FILM SOCIETY, SPARC FILM SOCIETY, CET FILM SOCIETY AND THALASTHANA POURA SAMITHI.







## JODOROVSKY FILM FESTIVAL




**17 TH MARCH 2024. SUNDAY**

AT BSS HALL, BOOK MARKET, THYCAUD, TRIVANDRUM

( OPPO. POLICE TRAINING GROUND, NEAR POLICE COMMISSIONER OFFICE )

കേരള സർക്കാർ

കേരള ഭാഗ്യക്കുറി

# സമ്മർ ബമ്പർ ഭാഗ്യക്കുറി

## SUMMER BUMPER 2024

ഒന്നാം സമ്മാനം **₹10 കോടി**

COMMON TO ALL SERIES

ടിക്കറ്റ് വില **₹250**

രണ്ടാം സമ്മാനം **₹50 ലക്ഷം**

COMMON TO ALL SERIES

മൂന്നാം സമ്മാനം **₹5 ലക്ഷം**

ഓരോ പരമ്പരയിലും 2 വീതം

ആകെ ₹60 ലക്ഷം

നാലാം സമ്മാനം **₹1 ലക്ഷം**

അവസാന അഞ്ചക്കത്തിന്

**DATE OF DRAW**
**27-03-2024, 2pm**

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
www.statelottery.kerala.gov.in
kslott

കൂടാതെ **5000,2000,1000,500**
രൂപയുടെ നിരവധി സമ്മാനങ്ങൾ

വോള്യം - 07 ലക്കം - 124 മാർച്ച് 2024 മലയാളം - ഇംഗ്ലീഷ്

ഫിലിം വിഷൻ

filca

JODOROVSKY FILM FESTIVAL

PUBLISHED BY FILCA FILM SOCIETY



KSFDC

കേരള ഭാഗ്യക്കുറി

**FILM VISION**
**Digital Film Magazine** **MARCH 2024**
Website : www.filca.in
E-mail: filcakerala@gmail.com

## INDEX

WHATS INSIDE



| | | |
|---|---|---|
| **സി സ്പേസ് ഒ.റ്റി.റ്റി ഉദ്ഘാടനം - ഫോട്ടോഫീച്ചർ**<br>അബ്ദുൽ മാലിക്, എം. ഡി, കെ. എസ്. എഫ്. ഡി. സി. |  | 7 |
| **ഫിലിം ഫെസ്റ്റിവലുകൾ ആസ്വാദനത്തെ ലോക നിലവാരത്തിലേക്ക് ഉയർത്തുന്നു - മന്ത്രി വി. ശിവൻകുട്ടി ( വാർത്ത)**<br>**---** സാം ആന്റണി (ഫിൽക്ക ഫിലിം സൊസൈറ്റി)  |  | 11 |
| **രാജ്യാന്തര ഷോർട്ട് - ഡോക്യുമെന്ററി മേള (പ്രതികരണം)**<br>**---** ജോൺ തോമസ് |  | 15 |
| **ജൊഡൊറോവ്സ്കി ചിത്രങ്ങൾ :**<br>**ലോകസിനിമയുടെ ഉത്തരാധുനിക ദൃശ്യഭാഷ**<br>**---** ഡോ . ബി . രാധാകൃഷ്ണൻ ( പ്രസിഡൻറ്, ഫിൽക ഫിലിം സൊസൈറ്റി ) |  | 18 |
| **ജൊഡോറോവ്സ്കി സിനിമകളുടെ ദർശനവും ശൈലിയും**<br>--- ഷീബ. എസ്. ജെയിംസ് (ഫിൽക്ക ഫിലിം സൊസൈറ്റി) |  | 22 |
| **ദി ഡാൻസ് ഓഫ് റിയാലിറ്റി**<br>--- അർപ്പണാ (വൈസ് പ്രസിഡണ്ട്, ഫിൽക്ക ഫിലിം സൊസൈറ്റി) |  | 25 |
| **ദി ഹോളി മൗണ്ടൻ**<br>--- **വിനോദ് കുമാർ. പി (ട്രഷറർ, ഫിൽക്ക ഫിലിം സൊസൈറ്റി )** |  | 29 |
| **സാന്തേ സാഗ്രേ (വിശുദ്ധ രക്തം )**<br>--- **വിനോദ് കുമാർ. പി (ട്രഷറർ, ഫിൽക്ക ഫിലിം സൊസൈറ്റി )** |  | 32 |
| **എൻഡ് ലസ് പോയട്രി**<br>--- സുരേഷ്കുമാർ സി. (ബീം ഫിലിം സൊസൈറ്റി) |  | 36 |
| **സ്വപ്നഭാഷതൻ ആത്മരഹസ്യങ്ങൾ, ജൊഡോറോവ്സകി സിനിമകൾ**<br>--- സാബു ശങ്കർ (ജനറൽ സെക്രട്ടറി, ഫിൽക്ക ഫിലിം സൊസൈറ്റി) |  | 38 |
| **കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനം: ഓർമ്മകളുടെ ഓളങ്ങൾ -3**<br>--- ജോർജ്ജ് മാത്യു, ചലച്ചിത്ര, തിരുവനന്തപുരം |  | 45 |



# JODOROVSKY FILM FESTIVAL

**17 TH MARCH 2024. SUNDAY**

AT BSS HALL, BOOK MARKET, THYCAUD , TRIVANDRUM

( OPPO. POLICE TRAINING GROUND, NEAR POLICE COMMISSIONER OFFICE )

## PROGRAM

Inauguration : 17.03.24, 10.00 AM



**Inauguration by**

**Sri. K. N. Anandakumar**

**(Founder & Executive Director,**
**Sri Sathya Sai Orphanage Trust Kerala. Chairman,**
**National NGO Confederation.)**



Preface : Sabu Sankar
( Novelist, Film Author, Chief Correspondent to Nerkazhcha weekly, USA & Regional Correspondent to Samiksha magazine, Canada )



Presides over : Dr. B. Radhakrishnan
( President, FILCA )



Felicitation : Jaya Sreekumar
(Director General, Bharath Sevak Samaj & Chalachithra Mandalam)



Films Synopsis : Jyothishkumar. P. S
(Joint Secretary, FILCA)



Gratitude : Arpanaa ( Actress & Vice President FILCA )


Filca : 8089036090, 9847063190, 9495376760

filcakerala@gmail.com

FILCA film society, Trivandrum

www.filca.in

# SCREENING SC-----ULE


filca
FILM LOVERS
CULTURAL ASSOCIATION

## JODOROVSKY
# FILM FESTIVAL

**17 TH MARCH 2024. SUNDAY**
AT BSS HALL, BOOK MARKET, THYCAUD , TRIVANDRUM
( OPPO. POLICE TRAINING GROUND, NEAR POLICE COMMISSIONER OFFICE )

# SCREENING SCHEDULE

10.00 AM





02.00 PM




04.30 PM




07.00 PM




Filca : 8089036090, 9847063190, 9495376760
filcakerala@gmail.com
FILCA film society, Trivandrum
www.filca.in



കേരള സർക്കാർ
kerala
God's Own Country
പറന്നിറങ്ങാം
കാണാകാഴ്ചകളിലേക്ക്
കണ്ടതിലും കൂടുതലാണ് കാണാനുള്ളത്
സാഹസിക ടൂറിസത്തിന്റെ അത്ഭുത
കാഴ്ചകളൊരുക്കി കേരളം.
maitri.com



# സി സ്പേസ് ഒ.റ്റി.റ്റി ഉദ്ഘാടനം

ഫോട്ടോ ഫീച്ചർ



**അബ്ദുൽ മാലിക്, എം. ഡി, കെ. എസ്. എഫ്. ഡി. സി.**

**ഒ.**റ്റി.റ്റി പ്ലാറ്റ്ഫോമുകളുടെ പ്രവർത്തനവും കോവിഡ് കാലഘട്ടത്തിൽ ഉണ്ടായ വളർച്ചയും സിനിമയെയും ചലച്ചിത്ര വ്യവസായത്തെയും സ്വാധീനിക്കുവാനുള്ള ഒ.റ്റി.റ്റി പ്ലാറ്റ്ഫോമുകളുടെ ക്ഷമതയും മനസിലാക്കിയതിന്റെ ഭാഗമായാണ് കെ.എസ്.എഫ്.ഡി.സി. 2021 - 22 വർഷത്തേക്കുള്ള പ്ലാൻ പ്രപ്പോസലിൽ സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള ഒ.റ്റി.റ്റി പ്ലാറ്റ്ഫോം എന്ന ആശയം മുന്നോട്ട് വച്ചത്. രാജ്യത്തിനകത്തും ഒരു പക്ഷേ ലോകത്തൊരിടത്തും സർക്കാർ ഉടമസ്ഥതയിൽ ഒ.റ്റി.റ്റി പ്ലാറ്റ്ഫോം ഇല്ലെങ്കിലും വളരെ അനുകൂലമായ നിലപാടാണ് ഇക്കാര്യത്തിൽ പ്ലാനിംഗ് ബോർഡും സംസ്ഥാന സർക്കാരും സ്വീകരിച്ചത്. അതിന്റെ ഭാഗമായി 2021 - 22 സാമ്പത്തിക വർഷത്തിൽ തന്നെ 2 കോടി രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും ഒ.റ്റി.റ്റി പ്ലാറ്റ്ഫോമിനുള്ള നീക്കിവെയ്പ്പ് തുടർന്നു വരുന്നു.

ഒ.റ്റി.റ്റി പ്ലാറ്റ്ഫോം നിർമ്മാണത്തിനായി ഒരു ഏജൻസിയെ കണ്ടെത്തുന്നതിനു വേണ്ടി ഡോ.കെ.പി നൗഫൽ, ശ്രീ സതീഷ് നമ്പൂതിരിപ്പാട്, ശ്രീ സുനിൽ നായർ, ഡോ. ഹരി ആർ എന്നീ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും അവരുടെ മേൽനോട്ടത്തിൽ ദേശീയ തലത്തിൽ Expression of Interest ക്ഷണിക്കുകയും ആയതു പ്രകാരം ഷോർട്ട് ലിസ്റ്റ് ചെയ്ത ഏജൻസികളിൽ നിന്നും ഇ-ടെണ്ടർ മുഖേന M/S Mobiotics IT Solutions നെ തെരഞ്ഞെടുക്കുകയും ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു.

18.05.2022 ൽ തിരുവനന്തപുരം കലാഭവൻ തീയേറ്ററിൽ വച്ചു നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട സാംസ്കാരിക കാര്യ വകുപ്പു മന്ത്രി ശ്രീ. സജി ചെറിയാൻ പ്രസ്തുത ഒ.റ്റി.റ്റി. പ്ലാറ്റ്ഫോമിന് "C" Space എന്ന പേരു നൽകുകയുണ്ടായി. “C” എന്നത് Cinema, Chithranjali, Culture എന്നിവയെയും phonetically കാഴ്ച (See) യെയും പ്രതിനിധാനം ചെയ്യുന്നു. കണ്ടന്റ് തെരഞ്ഞെടുപ്പിൽ വ്യത്യസ്തത പുലർത്തുന്ന ഒരു ഒ.റ്റി.റ്റി പ്ലാറ്റ്ഫോമാണ് C Space. കച്ചവട താൽപര്യങ്ങൾക്ക് അതീതമായി കലാ സാംസ്കാരിക മൂല്യങ്ങൾക്ക് പ്രാധാന്യം

നൽകുന്ന ചിത്രങ്ങളാണ് C Space ൽ പ്രദർശിപ്പിക്കുന്നത്. ശ്രീ. ബെന്യാമിൻ, ശ്രീമതി. ഒ.വി. ഉഷ, ശ്രീ. സന്തോഷ് ശിവൻ, ശ്രീ. ശ്യാമപ്രസാദ്, ശ്രീ. സണ്ണി ജോസഫ്, ശ്രീ. ജിയോ ബേബി തുടങ്ങി അറുപതോളം കലാ സാംസ്കാരിക രംഗത്തെ പ്രഗത്ഭർ അടങ്ങുന്ന ക്യുറേറ്റർ പാനൽ ആണ് C space ലേക്കുള്ള കണ്ടന്റ് തെരഞ്ഞെടുക്കുന്നത്. C Space ൽ ഉൾപ്പെടുത്തുവാനായി സമർപ്പിക്കുന്ന ചിത്രം ക്യുറേറ്റർ പാനലിലെ 3 വ്യക്തികൾക്ക് പരിശോധനയ്ക്കായി നൽകുന്നതാണ്. ക്യൂറേറ്റഴ്സ് മാർക്കിന്റെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്യുന്ന ചിത്രങ്ങൾ മാത്രമാണ് C Space ൽ ഉൾപ്പെടുത്തുക. സംസ്ഥാന ദേശീയ പുരസ്കാരങ്ങളോ പ്രമുഖ അന്താരാഷ്ട്ര ചലച്ചിത്ര മേളകളിൽ പ്രദർശനത്തിനായി തെരഞ്ഞടുത്ത ചിത്രങ്ങളോ ക്യുറേഷൻ കൂടാതെ തന്നെ C Space ൽ പ്രദർശിപ്പിക്കുന്നതാണ്.

സാങ്കേതിക മികവാണ് C Space ന്റെ മറ്റൊരു പ്രത്യേകത. അത്യാധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമാണ് C Space ന്റെ നിർമ്മിതി. പെർഫോമൻസ്, സ്കെയിലെബിലിറ്റി എന്നിവ കണക്കിലെടുത്ത് ആമസോൺ വെബ് സർവ്വീസസ് (AWS) ക്ലൌഡിലാണ് C Space ഹോസ്റ്റ് ചെയ്തിരിക്കുന്നത്. കണ്ടന്റ് സുരക്ഷയുമായി ബന്ധപ്പെട്ട് Google wide wine, Apple fairplay എന്നീ DRM ഉപയോഗിച്ചിട്ടുണ്ട്. Vulnerability assessment and penetration testing കഴിഞ്ഞതിനാൽ C Space തികച്ചും End to End secure ആണ്.

കാണുന്ന കണ്ടന്റിനു മാത്രം പണം നൽകേണ്ട pay per view രീതിയാണ്  C Space ൽ അവലംബിച്ചിരിക്കുന്നത്. 75 രൂപ മുതൽ മുടക്കിൽ ലഭ്യമാകുന്ന സിനിമ ഒരു user ID യിൽ നിന്നും പരമാവധി 4 ഡിവൈസുകൾ ഉപയോഗിച്ച് കാണാവുന്നതാണ്. ഫീച്ചർ ഫിലിം കാണുവാനായി 75 രൂപ. ദൈർഘ്യം കുറഞ്ഞ കണ്ടന്റ് കാണുവാനായി ദൈർഘ്യ ത്തിനനുസരിച്ച് കുറഞ്ഞ തുക നൽകിയാൽ മതിയാകും. ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, UPI, In app payment എന്നിവയെല്ലാം C Space ൽ കണ്ടന്റ് കാണുവാനായി ഉപയോഗിക്കാവുന്നതാണ്. ഫീച്ചർ ലെങ്ത് ഫിക്ഷൻ ഫിലിമിനു പുറമേ ഡോക്യുമെന്ററി, ഷോർട്ട് ഫിലിം എന്നിവയും C Space ൽ ലഭ്യമാണ്.

ഫോട്ടോ ഫീച്ചർ

35 ഫീച്ചർ ചിത്രങ്ങളടക്കം 42 കണ്ടന്റാണ് തുടക്കത്തിൽ C Space ൽ ലഭ്യമാകുക. വരും ദിവസങ്ങളിൽ കൂടുതൽ മികച്ച ചിത്രങ്ങൾ C Space ൽ പ്രദർശിപ്പിക്കാൻ കഴിയുന്നതാണ്.

ടി പദ്ധതിയുടെ പൂർണ്ണ വിജയത്തിനായി കെ.എസ്.എഫ്.ഡി.സി. യിലെ ഉദ്യോഗസ്ഥരായ ശ്രീ. എസ്. സജിത്ത്, ശ്രീമതി. അതുല്യ, ശ്രീ. ബാലകാർത്തിക് എന്നിവരുടെ സേവനം പ്രശംസനീയമാണ്.




★ ★ ★

## ഫോട്ടോ ഫീച്ചർ


കൈരളി
നിള
ശ്രീ










KERALA STATE FILM DEVELOPMENT CORPORATION


KERALA STATE FILM DEVELOPMENT CORPORATION


KERALA STATE FILM DEVELOPMENT CORPORATION

## ഫോട്ടോ ഫീച്ചർ




സി സ്പെയ്സ്
കലകളുടെ കല
ഉദ്ഘാടനം
കേരള സംസ്ഥാന
രാവിലെ
09:30


സി സ്പെയ്സ്
കലകളുടെ കല
ഉദ്ഘാടനം
കേരള സംസ്ഥാന


സി സ്പെയ്സ്
കലകളുടെ കല
ഉദ്ഘാടനം
ശ്രീ പിണറായി
രാവിലെ
09:30


ശ്രീ പിണറായി വിജയൻ


കലകളുടെ കല





വോള്യം - 07 ലക്കം - 124 മാർച്ച് 2024 മലയാളം - ഇംഗ്ലീഷ്

ഫിലിം വിഷൻ

JODOROVSKY FILM FESTIVAL

PUBLISHED BY FILCA FILM SOCIETY



KSFDC

കേരള ഭാഗ്യക്കുറി



# ഫിലിം ഫെസ്റ്റിവലുകൾ ആസ്വാദനത്തെ ലോക നിലവാരത്തിലേക്ക് ഉയർത്തുന്നു - മന്ത്രി വി. ശിവൻകുട്ടി

സാം ആന്റണി (ഫിൽക്ക ഫിലിം സൊസൈറ്റി)

**വാർത്ത**

**ഫി**ൽക്കയുടെ ഫെബ്രുവരിമാസ ചലച്ചിത്രോത്സവം (ഇൻറർനാഷണൽ ഫോക്ക്ലോർ ഷോർട്ട് ആൻഡ് ഡോക്യുമെന്ററി ഫിലിം ഫെസ്റ്റിവൽ) കോളേജ് ഓഫ് ഫൈൻ ആർട്ട്സ് സെമിനാർ ഹാളിൽ 16, 17 തീയതികളിൽ നടന്നു. ഉദ്ഘാടനം മന്ത്രി വി. ശിവൻകുട്ടി നിർവഹിച്ചു. നോവലിസ്റ്റും പത്രപ്രവർത്തകനും ഫിൽക്ക ജനറൽ സെക്രട്ടറിയുമായ സാബു ശങ്കർ, ഫിൽക്ക പ്രസിഡണ്ട് ഡോ. ബി രാധാകൃഷ്ണൻ, ഫെസ്റ്റിവൽ കുറേറ്റർ ചെറിയാൻ ജോസഫ് ഐ.എഫ്.എഫ്.റ്റി തൃശ്ശൂർ, കോളേജ് ഓഫ് ഫൈൻ ആർട്ട്സ് പ്രിൻസിപ്പൽ പ്രൊഫ. നാരായണൻകുട്ടി. കെ തുടങ്ങിയവർ ചടങ്ങിൽ പ്രസംഗിച്ചു.

ഇരുപതു രാജ്യങ്ങളിൽ നിന്നുള്ള 41 ഷോർട്ട് ഫിലിമുകളും ഡോക്യുമെൻററികളുമാണ് ഇത്തവണത്തെ പ്രദർശനത്തിനുണ്ടായിരുന്നത്. ഐ.എഫ്.എഫ്.റ്റി, കോളേജ് ഓഫ് ഫൈൻ ആർട്ട്സ്, ചലച്ചിത്ര അക്കാദമി, കെ.എസ്.എഫ്.ഡി.സി, ബീം ഫിലിം സൊസൈറ്റി, സ്പാർക് ഫിലിം സൊസൈറ്റി (ഐ. എസ്. ആർ. ഓ), സി.ഇ.ടി ഫിലിം സൊസൈറ്റി (കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ട്രിവാൻഡ്രം), കേരള ലോട്ടറി ഡിപ്പാർട്ട്മെൻറ്, സൂര്യ ഫിലിം സൊസൈറ്റി, ചലച്ചിത്ര ഫിലിം സൊസൈറ്റി, തലസ്ഥാന പൌരസമിതി എന്നിവയുടെ സഹകരണത്തോടെ ആയിരുന്നു ഫെസ്റ്റിവൽ.

ചടങ്ങ് ഉൽഘാടനം ചെയ്തു കൊണ്ടു സംസാരിച്ച മന്ത്രി വി. ശിവൻകുട്ടി മലയാളസിനിമയുടെ സഞ്ചാരം ചെറുത്തുനിൽപ്പിൻറെയും സർ ഗ്ഗാത്മഗതയുടേയും ആഖ്യാനമാണ് എന്നു പറഞ്ഞു. ജെ. സി. ഡാനിയേലിനെ പോലെയുള്ളവർ മുൻകൈയെടുത്ത് മലയാള സിനിമ വ്യവസായത്തിന് തുടക്കം കുറിച്ചു. പിൽക്കാലത്ത് അടൂർ ഗോപാലകൃഷ്ണനെയും അരവിന്ദനെയും പോലെയുള്ളവർ മലയാള സിനിമയുടെ വ്യാകരണത്തെ രൂപപ്പെടുത്തുക മാത്രമല്ല ആഗോളസിനിമയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകുകയും ചെയ്തു. മലയാള സിനിമയുടെ പാരമ്പര്യം സംവിധായകരിൽ മാത്രം ഒതുങ്ങുന്നില്ല. ക്യാമറയ്ക്ക് മുന്നിലും പിന്നിലുമുള്ള അസാധാരണ പ്രതിഭകളുടെ വിളനിലമാണ് മലയാളസിനിമ ലോകം. മലയാള സിനിമയുടെ പ്രമേയപരമായ വൈവിധ്യം നമ്മുടെ പാരമ്പര്യത്തിൻറെ കൂടെ

പ്രതിഫലനമാണ്. സാമൂഹിക പ്രസക്തിയുള്ള സിനിമകളും പരീക്ഷണ സിനിമകളും സൃഷ്ടിക്കുന്നതിൽ മുന്നിട്ടു നിൽക്കുന്ന മലയാള സിനിമ സമ്മർദ്ദ സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്നതിൽ നിന്ന് ഒഴിഞ്ഞു മാറിയിട്ടില്ല. മലയാളസിനിമയുടെ പൈതൃകത്തെപ്പറ്റി പറയുമ്പോൾ അതിൻറെ ചാരുതയുടെ അവിഭാജ്യഘടകമായ സംഗീതത്തെ പറ്റിയും പറയേണ്ടതുണ്ട്. സംഗീതസംവിധായകൻ ജി. ദേവരാജൻ തുടങ്ങിയ നിരവധി പ്രതിഭകൾ സിനിമാപ്രേമികളുടെ ഹൃദയത്തിൽ ഇന്നും മായാത്ത മുദ്രകൾ പതിപ്പിച്ചിരിക്കുന്നു. മലയാളസിനിമയുടെ പൈതൃകം കഥ പറച്ചിലിൻറെയും സാംസ്കാരിക ആവിഷ്കാരത്തിൻറെയും കലാപരമായ പ്രമേയശക്തിയുടെയും തെളിവാണ്. ചെറുതും വലുതുമായ ഫിലിം ഫെസ്റ്റിവലുകൾ നമ്മുടെ ആസ്വാദന നിലവാരത്തെ ലോക നിലവാരത്തിലേക്ക് ഉയർത്തുന്നു. അതിൻറെ ഭാഗമാണ് ഈ ഫെസ്റ്റിവലും എന്ന് കാണുന്നു. തുടർന്ന് ഫിലിം ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തതായി മന്ത്രി പ്രഖ്യാപിക്കുകയും ഫൈൻ ആർട്ട്സ് കോളേജ് വിദ്യാർത്ഥി സ്നേഹപൂർവ്വം സമ്മാനിച്ച പെയിൻറിങ് സ്വീകരിക്കുകയും ചെയ്തു.
ചടങ്ങിൽ സംസാരിച്ച ഫിൽക സെക്രട്ടറി സാബു ശങ്കർ ഇന്റർനാഷണൽ ഷോർട്ട് ഫിലിം ഡോക്യുമെന്ററി മേഖലയെ കുറിച്ച് അറിയാനും പഠിക്കാനും ഉതകുന്ന തരത്തിലുള്ള സിനിമകളാണ് പ്രദർശിപ്പിക്കാൻ പോകുന്നത് എന്നു പറഞ്ഞു. തൃശ്ശൂരിൽ വച്ച് ആറ് ദിവസങ്ങൾ കൊണ്ട് നടത്തപ്പെട്ട ഫെസ്റ്റിവൽ സമയ പരിമിധി മൂലം രണ്ടു ദിവസങ്ങളായി ചുരുക്കേണ്ടി വന്നിട്ടുണ്ട്. എങ്കിലും ഇതുവരെ പ്രദർശിപ്പിച്ചിട്ടില്ലാത്തതും അപൂർവ്വമായതുമായ ഡോക്യുമെന്ററികളുടെയും ഷോർട്ട് ഫിലിമുകളുടെയും ശേഖരമായതു കൊണ്ടും വീണ്ടും ഒരു പ്രദർശനത്തിന് സാധ്യതയില്ലാത്തതു കൊണ്ടും പരമാവധി ആളുകൾ കഴിയുന്നത്ര സിനിമകൾ കാണുവാൻ ശ്രമിക്കണം.

വാർത്ത

ഫിൽക്ക പ്രസിഡൻറ് ഡോക്ടർ ബി. രാധാകൃഷ്ണൻ സിനിമയുടെ സഞ്ചാരപഥത്തിലെ ഒരു ഇടവഴിയാണ് ഡോക്യുമെന്ററി ചിത്രങ്ങൾ എന്നു അഭിപ്രായപ്പെട്ടു.




അഞ്ചു മുതൽ പത്തു മിനിറ്റ് വരെ മാത്രം നീണ്ടു നിൽകുന്ന ഡോക്യുമെൻട്രി ചിത്രങ്ങൾ ഏതു രാജ്യത്തെയും കാലത്തെയുമാണോ പ്രതിനിധീകരിക്കുന്നത് ആ രാജ്യത്തെ അക്കാലത്തെ രാഷ്ട്രീയ സാമുദായിക സാംസ്കാരിക വ്യത്യാസങ്ങളാണ് കാണിക്കുന്നത്. മറ്റേതൊരു വിദ്യാർത്ഥി വിഭാഗത്തിനും പ്രയോജനമാകുന്നതിനേക്കാൾ കൂടുതൽ ഫൈൻ ആർട്ട്സ് കോളജിലെ വിദ്യാർഥികൾക്ക് ഈ ചിത്രങ്ങൾ പ്രയോജനകരമാകും എന്ന കാര്യത്തിൽ സംശയമില്ല. തുടക്കത്തിൽ ഈ ചിത്രങ്ങൾ യൂണിവേഴ്സിറ്റി കോളേജിലോ വിമൻസ് കോളേജിലോ പ്രദർശിപ്പിക്കാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും കലയെ സ്നേഹിക്കുന്ന കലാപ്രവർത്തകരായ ഫൈൻ ആർട്ട്സ് കോളേജ് വിദ്യാർത്ഥികൾക്കിടയിൽ പ്രദർശിപ്പിക്കുന്നതാണ് ഏറ്റവും അനുയോജ്യം എന്ന് തോന്നിയത് കൊണ്ടാണ് ഈ മാറ്റം വരുത്തിയത്. സമഗ്ര സാമൂഹിക സാംസ്കാരിക വികസനം മുന്നിൽക്കണ്ട് കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷമായി പ്രവർത്തിക്കുന്ന ചലച്ചിത്ര സംഘടനയാണ് ഫിൽക്ക. ഇവിടെ

വാർത്ത

പ്രദർശിപ്പിക്കുന്ന ചിത്രങ്ങൾ അവ പ്രതിനിധീകരിക്കുന്ന രാജ്യങ്ങളുടെ തനതായ പാരമ്പര്യവും സാംസ്കാരിക തനിമയും ജീവിതസാഹചര്യങ്ങളുടെ പ്രത്യേകതകളും എടുത്തു കാണിക്കുന്നത് കൊണ്ടും വ്യത്യസ്തമനോഹരങ്ങളായ പ്രമേയങ്ങൾ ഉൾക്കൊള്ളുന്നതായത് കൊണ്ടും പ്രേക്ഷകർ ആസ്വദിക്കും എന്ന് കരുതുന്നു. ചടങ്ങിൽ സംസാരിച്ച ഫൈൻ ആർട്സ് കോളേജ് പ്രിൻസിപ്പൽ പ്രൊഫസർ നാരായണൻകുട്ടി.കെ. കോളേജിൻറെ വാർഷിക പ്രദർശനം നടക്കുന്ന സമയത്ത് തന്നെ ഇൻറെർനാഷണൽ ഷോർട്ട് ഡോക്യുമെൻററി ഫിലിം ഫെസ്റ്റ് നടത്തുക എന്ന ആശയവുമായി ഫിലിം സൊസൈറ്റി ഭാരവാഹികൾ സമീപിച്ചതെന്നും കലയെയും കലാസ്നേഹികളെയും പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കുന്ന ഈ ഫിലിം ഫെസ്റ്റിവൽ നടത്തുന്നതിനെ പൂർണ്ണമനസ്സോടെ തങ്ങൾ സ്വാഗതം ചെയ്തു എന്നും പറഞ്ഞു.



അതിൻറെ ഭാഗമായി അടുത്ത രണ്ടു ദിവസങ്ങളിലായി ഷോർട്ട് ഫിലിമുകളും ഡോക്യുമെൻററികളുമാണ് ഇവിടെ പ്രദർശിപ്പിക്കുവാൻ പോകുന്നത്. ഫിൽക്ക ഫിലിം സോസൈറ്റി തയ്യാറാക്കി കൊണ്ടുവന്ന പാക്കേജിലുള്ള ചിത്രങ്ങൾ മുഴുവൻ പ്രദർശിപ്പിക്കാൻ മൂന്നു ദിവസത്തെ സമയമെടുക്കുമായിരുന്നു. എന്നാൽ കോളേജിൻറെ വാർഷികപ്രദർശനം നടക്കുന്നത് കൊണ്ടുള്ള സമയപരിമിതി മൂലം രണ്ടു ദിവസത്തേക്ക് പ്രദർശിപ്പിക്കാനുള്ള ചിത്രങ്ങൾ മാത്രമാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഷോർട്ട് ഫിലിമുകൾ ഷോർട്ടാണെങ്കിൽ പോലും അതിലെ ഉള്ളടക്കം ഷോർട്ട് ആവില്ലെന്നു മാത്രമല്ല വളരെ കാലികപ്രസക്തമായിട്ടുള്ള കാര്യങ്ങളാണ് ചർച്ച ചെയ്യാൻ പോകുന്നതെന്ന് കരുതുന്നു. കല അഭ്യസിക്കുന്ന വിദ്യാർത്ഥികൾ ആയതു കൊണ്ടു തന്നെ ഈ സമാന്തര സിനിമാ ഡോക്യുമെൻററി പ്രദർശനങ്ങളിൽ നിന്ന് അവരുടെ കലാസൃഷ്ടികൾക്കും ചിന്തകൾക്കും വ്യത്യസ്തമായ ആശയങ്ങളും പ്രചോദനങ്ങളും ഉൾക്കൊള്ളുവാൻ സാധിക്കുമെന്നും ഇത് അവരുടെ കലാജീവിതത്തിൽ ഒരു മുതൽക്കൂട്ടാകും എന്നും കരുതുന്നു. തുടർന്നു സംസാരിച്ച ഫെസ്റ്റിവൽ ക്യൂറേറ്റർ ചെറിയാൻ ജോസഫ് ഐ.എഫ്.എഫ്.ടി (തൃശൂർ) 2017 ൽ ആരംഭിച്ച ഇൻർനാഷണൽ ഫോക്ക്ലോർ ഫിലിം ഫെസ്റ്റിവലിൻറെ ഏഴാമത്തെ എഡിഷനാണ് ഇത് എന്ന് പറഞ്ഞു.

തൃശ്ശൂരിലെ ആറ് കോളജുകളിൽ വച്ച് ആറു ദിവസങ്ങളിലായി നടത്തപ്പെട്ട ഇൻറർ നാഷണൽ ഫോക്ക്ലോർ ഷോർട്ട് ഡോക്യുമെൻററി ഫിലിം ഫെസ്റ്റിവലിൻറെ ഭാഗമായിട്ടാണ് ഫിൽക്ക ഫിലിം സൊസൈറ്റിയുമായി ഒത്തുചേർന്ന് രണ്ടു ദിവസങ്ങളിലായി ഈ ഫെസ്റ്റിവൽ ഇവിടെ നടത്തപ്പെടുന്നത്.

തൃശ്ശൂരിൽ 72 രാജ്യങ്ങളിൽ നിന്നുള്ള മുന്നൂറോളം ഷോർട്ട് ഫിലിമുകളും ഡോക്യുമെൻററികളും ഫീച്ചർ ഫിലിമുകളും പ്രദർശിപ്പിക്കാൻ സാധിച്ചെങ്കിലും സമയപരിമിധി മൂലം ഇരുപത് രാജ്യങ്ങളിൽ നിന്നുള്ള നാൽപ്പത്തി ഒന്ന് സിനിമകൾ മാത്രമാണ് ഇവിടെ പ്രദർശിപ്പിക്കപ്പെടുന്നത്. ഒരു കാലത്ത് കേരളത്തിലെ വിദ്യാഭ്യാസ

വാർത്ത

മന്ത്രാലയം സ്കൂളുകളെ അടിസ്ഥാനപ്പെടുത്തി ഫിലിം സൊസൈറ്റികളും ക്ലബ്ബുകളും രൂപീകരിക്കാൻ തീരുമാനിക്കുകയും ഏകദിന വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഷാജി.എൻ. കരുൺ പ്രസിഡൻറായിട്ടുള്ള ഫിലിം സൊസൈറ്റി ഫെഡറേഷനുമായി സഹകരിച്ചാണ് അവ നടത്തപ്പെട്ടത്. അതുപോലെ തന്നെ ശിവൻകുട്ടി സംസ്ഥാന വൈസ് പ്രസിഡണ്ടായിരിക്കെ കോളേജുകളുമായി ബന്ധപ്പെട്ടുകൊണ്ട് ക്ലാസിക് സിനിമകളുടെ പ്രദർശനങ്ങളുടെ ഒരു ടൂറിങ് സിനിമ ഫെസ്റ്റ് നടത്തുകയുണ്ടായി. കലാലയങ്ങളിൽ ക്ലാസിക് സിനിമകളെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നതിനായി അന്നത്തെ ഫിലിം സൊസൈറ്റികളും സംഘടനകളും ശ്രമിച്ചിരുന്നു.

അതിൻറെ തുടർച്ചയെന്നോണം പല സംഘടനകളും പ്രവർത്തന ങ്ങൾ സജീവമാക്കുന്നു എന്നു കാണുന്നത് സന്തോഷം തരുന്ന കാര്യമാണ്. എല്ലാ ആഴ്ചകളിലും ക്ലാസിക്ക് സിനിമകൾ പ്രദർശിപ്പിക്കുന്ന ഒരു സ്ഥലം കൂടിയാണ് തൃശൂർ ഫൈൻ ആർട്ട്സ് കോളേജ് എന്ന കാര്യവും അദ്ദേഹം ഓർമിപ്പിച്ചു.

തുടർന്ന് കോളേജ് ഓഫ് ഫൈൻ ആർട്ട്സ് സ്റ്റുഡൻസ് സെക്രട്ടറി അവിനാഷ് സി. എസ്. അതിഥികൾക്കും ഫിൽക്ക ഭാരവാഹികൾക്കും കാണികൾക്കും നന്ദി അർപ്പിച്ചു.

★ ★ ★












ഫിലിം വിഷൻ
JODOROVSKY FILM FESTIVAL
PUBLISHED BY FILCA FILM SOCIETY





# രാജ്യാന്തര ഷോർട്ട് – ഡോക്യുമെന്ററി മേള

**ജോൺ തോമസ്**

പ്രതികരണം

സമീപകാലത്ത് ലോകത്ത് നിർമ്മിക്കപ്പെട്ട ഹ്യസ്വചിത്രങ്ങളിൽ നിന്നും ഡോക്യുമെൻററി ചിത്രങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 41 ചിത്രങ്ങളാണ് ഫെബ്രുവരി മാസത്തെ പരിപാടിയായി ഫിൽക്ക ഫിലിം സൊസൈറ്റി ഫെബ്രുവരി 16,17 എന്നീ തീയതികളിൽ തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻ ആർട്സ് ഓഡിറ്റോറിയത്തിൽ വച്ച് അവതരിപ്പിച്ചത്.

പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ച പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി , യോഗത്തിൽ സംസാരിച്ച ഫൈനാർട്സ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. നാരായണൻകുട്ടി , ഫിൽക്ക പ്രസിഡന്റ് ഡോ. ബി. രാധാകൃഷ്ണൻ , ജനറൽ സെക്രട്ടറി സാബു ശങ്കർ എന്നിവർ സമകാലീന ചിത്രകലാ വിദ്യാഭ്യാസത്തിൽ ഇത്തരമൊരു മേളയ്ക്കുള്ള പ്രാധാന്യം എടുത്തു പറഞ്ഞു.

ഫിലിം സൊസൈറ്റിസ് ഓഫ് കേരളയുടെ മുൻകാല ഭാരവാഹിയും തൃശൂരിൽ വർഷങ്ങളായി നടന്നു വരുന്ന തൃശ്ശൂർ ഫിലിം ഫെസ്റ്റിവലിന്റെ സംഘാടകനുമായ ശ്രീ ചെറിയാൻ ജോസഫ് ക്യൂറേറ്റ് ചെയ്ത ചിത്രങ്ങളാണ് ഈ മേളയിൽ ഉൾപ്പെടുത്തിയത്. തൃശ്ശൂരിൽ ഫോക്‌ലോർ ഫിലിം ഫെസ്റ്റിവൽ എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ട മേളയിൽ നിന്നും അദ്ദേഹം തിരഞ്ഞെടുത്ത 41 ചിത്രങ്ങളാണ് ഇവിടെ പ്രദർശിപ്പിക്കപ്പെട്ടത്.

സംഗീതത്തിന് ഒരു ജനതയുടെ വിശ്വാസം, ആചാരം എന്നിവയുമായുള്ള ബന്ധം വെളിപ്പെടുത്തുന്ന ബ്രസീലിയൻ ചിത്രമായ 'സാഗ്രഡോ കമ്പോർ'ആണ് ഡോക്യുമെൻററി-ഹ്രസ്വ ചിത്ര മേളയിൽ ആദ്യമായി അവതരിപ്പിക്കപ്പെട്ട ചിത്രം.

കാലാവസ്ഥാ വ്യതിയാനം കാരണമുണ്ടായ മലിനജലം ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടി വരുന്നത് മൂലം രോഗഗ്രസ്തരാകുന്ന സ്ത്രീകളുടെ ജീവിതം ആയിരുന്നു അടുത്തതായി അവതരിപ്പിച്ച ബംഗ്ലാദേശ് സിനിമയുടെ വിഷയം.

ഇറാനിൽ നിന്നും കാനഡയിലേക്ക് കുടിയേറിയ ഒരു കുടുംബത്തിലെ മരണപ്പെട്ട പിതാവിന്റെ ശരീരത്തിൽ നിന്നും നീക്കം ചെയ്ത സ്വർണ്ണ പ്പല്ലുകൾ ആ കുടുംബത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾക്ക് പര്യാപ്തമായി

തീരുന്നതായിരുന്നു അടുത്ത സിനിമയുടെ വിഷയം.

കൊലചെയ്യപ്പെട്ട സ്ത്രീകളുടെ മൃതദേഹങ്ങൾ ശേഖരിച്ച് നഗരമധ്യത്തിലെ ചത്വരത്തിൽ കൊണ്ടുവന്ന് ആചാരപരമായി സംസ്കരിക്കുന്നതിന്റെ കഥ പറയുന്ന ചിലിയൻ ഫാന്റസി ചിത്രം സ്ത്രീകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെയുള്ള താക്കീതായിരുന്നു. ഈ മേളയിലെ മികച്ച ചിത്രങ്ങളിൽ ഒന്നായിരുന്നു അത്.

ഫ്രെഡറിക്കോ ഫെല്ലിനിയുടെ '8 1/2 'എന്ന വിഖ്യാത സിനിമയിലെ നായകന്റെ ബാല്യ കൗമാര ജീവിതചോദനകൾ ചേർത്ത് അവതരിപ്പിച്ച ഇറാനിയൻ സിനിമ ഫെല്ലിനിയോടുള്ള ഇറാനിയൻ സംവിധായകന്റെ ആദരവിന്റെ സൂചനയായിരുന്നു.

'സിറ്റിസൺ കെയ്ൻ' നിർമ്മിച്ച ഓർസൺ വെൽസ് എന്ന വിഖ്യാത അമേരിക്കൻ ചലച്ചിത്ര സംവിധായക നോടുള്ള ആദരവിന്റെ സൂചനയായിരുന്നു 'അൺഫിനിഷ്ഡ് മാൻ' എന്ന മറ്റൊരു ഇറാനിയൻ ഡോക്യുമെൻററി ചിത്രം.സിനിമയെക്കുറിച്ച് സ്വപ്നങ്ങൾ കാണുകയും അവ സാക്ഷാത്കാരിക്കുന്നതിനു വേണ്ടി നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുകയും ചെയ്ത വെൽസിന്റെ പൂർത്തിയാക്കാതെ പോയ സിനിമകളിലെ ഫുട്ടേജുകളും അദ്ദേഹവുമായി നടത്തപ്പെട്ട അഭിമുഖങ്ങളിലെ വാക്കുകളും ചേർത്തായിരുന്നു ഈ ചിത്രം നിർമ്മിക്കപ്പെട്ടത്.

യുദ്ധങ്ങളാലും വംശീയ വെറികളാലും അനേകായിരം ആൾക്കാർ മരിച്ച നാടാണ് സെർബിയ. ഈ നാട്ടിലെ ശ്മശാനങ്ങളിൽ നിർമ്മിച്ചിരിക്കുന്ന സ്മാരകശിലകളിലെയും നാട്ടിലെ നാഴികക്കല്ലുകളിലെയും കലാഭംഗിയും വാക്കുകളുടെ സൗന്ദര്യവും ആ നാട്ടുകാർ എത്രമാത്രം കവിത്വവും തത്വചിന്താപരമായി ചിന്തിക്കുന്ന മനസ്സിന്റെ ഉടമകളുമായി മാറിയിട്ടുണ്ടെന്ന് അസാമാന്യ ദൃശ്യഭംഗിയുള്ള സെർബിയൻ ചിത്രമായ 'ട്രീക്രൗൺ' വിളിച്ചു പറയുന്നു. അമേരിക്കയിലെ ശ്മശാനങ്ങളുടെ ദൃശ്യഭംഗിയെയും പ്രശാന്തതയെയും അവയിലെ സ്മാരകശിലകളിൽ കൊത്തി വച്ചിട്ടുള്ള വാക്കുകളുടെ കാവ്യഭംഗിയേയും കുറിച്ച് ശ്രീ എം.എൻ.കാരശ്ശേരി പറയുന്ന ഒരു വീഡിയോ ഓർമ്മ വന്നു.

പരവതാനി നിർമ്മിക്കുന്നത് തലമുറകൾ കൈമാറി വന്ന ഒരു കലയെന്നതിലുപരി അതിനു പിന്നിലൊരു തത്വശാസ്ത്രം കൂടിയുണ്ടെന്ന് കീർഗിസ്ഥാൻ ചിത്രമായ 'ഓയും' നമ്മെ ഓർമ്മിപ്പിക്കുന്നു. പുരുഷന്മാർ നൂൽ നിർമിക്കുമ്പോൾ അതിനെ പരവതാനിയാക്കി മാറ്റുന്നതും അവയിൽ ചിത്രങ്ങൾ തുന്നി ചേർക്കുന്നതും സ്ത്രീകളാണ്. സ്നേഹനിർഭരമായ മനസ്സിന്റെ ഉടമ സൃഷ്ടിക്കുന്ന പരവതാനിയിൽ കണ്ണിന് അഴക് നൽകുന്ന നിറങ്ങൾ മാത്രമേ ഉണ്ടാവുകയുള്ളു എന്ന സന്ദേശം ഈ ചിത്രം നൽകുന്നു. ഈ ചിത്രം ഇറാനിയൻ സിനിമാ സംവിധായകൻ മുഹ്സിൻ മക്മൽ ബഫിന്റെ 'ഗബ്ബെ'എന്ന പരവതാനി നിർമ്മാണം പശ്ചാത്തലമാക്കി നിർമ്മിച്ച സിനിമയിലെ രംഗങ്ങളുടെ ഓർമ്മയുണർത്തി.

വൈവിധ്യമാർന്ന പ്രമേയങ്ങളും ഭൂമികകളും ഉൾക്കൊള്ളുന്ന ചിത്രങ്ങൾ അടങ്ങുന്ന ഈ മേളയിലെ സമാപന ചിത്രം തുർക്കിയിലും സിറിയയിലും ഉണ്ടായ ഭൂകമ്പത്തിൽ ജീവൻ നഷ്ടപ്പെട്ട ജനങ്ങളുടെ സ്മരണയ്ക്കായി സമർപ്പിച്ചിക്കുന്ന ചിത്രമായിരുന്നു.

22 രാജ്യങ്ങളെ പ്രതിനിധീകരിച്ച വൈവിധ്യമാർന്ന പ്രമേയങ്ങൾ ഉൾക്കൊള്ളുന്ന ഈ ചിത്രങ്ങൾ മികച്ച ദൃശ്യാനുഭവമാണ് കാഴ്ചവച്ചത്.

★ ★ ★


KERALA STATE
FILM DEVELOPMENT CORPORATION
PRESENTS
ചുരുൾ
സംവിധാനം
അരുൺ ജെ. മോഹൻ
Co-Writers ANANDHU SURESH, ASHIK R S DOP PRAVEEN CHAKRAPANI Editor DAVIS MANUEL Music MADHU PAUL
Art NITHISH CHANDRAN ACHARYA Chief Associate Director SAHEER ALI Makeup RATHEESH VIJAYAN Costume SHIBU PARAMESHWARAN
Line Producer AROMA MOHAN Production Controller SURESH MITHRAKARY Thrills MAFIA SASI Still SALISH PERINGOTTUKARA
AN INITIATIVE OF THE GOVERNMENT OF KERALA



# ജോഡൊറോവ്സ്കി ചിത്രങ്ങൾ : ലോകസിനിമയുടെ ഉത്തരാധുനിക ദൃശ്യഭാഷ



ഡോ . ബി . രാധാകൃഷ്ണൻ (പ്രസിഡൻറ് , ഫിൽക ഫിലിം സൊസൈറ്റി )

ചലച്ചിത്രകാരൻ, എഴുത്തുകാരൻ, കോമിക് ബുക്ക് സ്രഷ്ടാവ്, ആത്മീയ ഗുരു എന്നീ നിലകളിൽ പ്രശസ്തനായ ഒരു ബഹുമുഖ കലാകാരനാണ് അലജാൻഡ്രോ ജൊഡൊറോവ്സ്കി .


1929 ഫെബ്രുവരി 17 ന് ചിലിയിലെ ടോകോപില്ലയിൽ ജനിച്ച ജൊഡൊറോവ്സ്കി ആധുനികവും പാരമ്പര്യേതരവുമായ ജീവിതമാണ് നയിച്ചത്.1950 കളിൽ ഫ്രാൻസിലേക്ക് മാറുന്നതിന് മുമ്പ് ചിലിയിൽ നാടക സംവിധായകനായും നാടകകൃത്തായും കലാരംഗത്ത് അദ്ദേഹം തന്റെ പ്രവർത്തനം ആരംഭിച്ചു. പാരീസിൽ, അദ്ദേഹം അവന്റ്-ഗാർഡ് നാടകവേദിയിൽ ഏർപ്പെടുകയും സമൂലവും നൂതനവുമായ ഒരു സംവിധായകനായി പേരെടുക്കുകയും ചെയ്തു.

"എൽ ടോപ്പോ" (1970), "ദ ഹോളി മൗണ്ടൻ" (1973) എന്നിവയുൾപ്പെടെയുള്ള തകർപ്പൻ സർറിയലിസ്റ്റ് ചിത്രങ്ങളിലൂടെ ജൊഡൊറോവ്സ്കി അന്താരാഷ്ട്ര അംഗീകാരം നേടി. സർറിയൽ ഇമേജറി, മതപരമായ പ്രതീകാത്മകത, അസ്തിത്വ പ്രമേയങ്ങൾ എന്നിവ ഈ സിനിമകളുടെ സവിശേഷതയായിരുന്നു. "എൽ ടോപ്പോ" ഒരു കൾട്ട് ക്ലാസിക് ആയിത്തീരുകയും സ്വതന്ത്ര സാംസ്കാരിക പ്രേക്ഷകർക്കിടയിൽ അനുയായികളെ നേടുകയും ചെയ്തു.

സിനിമയിലെ ജോലിക്ക് പുറമേ, കോമിക് പുസ്തകങ്ങളുടെ ലോകത്തിന് നൽകിയ സംഭാവനകൾക്കും ജൊഡൊറോവ്സ്കി അറിയപ്പെടുന്നു. "ദി ഇൻകാൽ", "ദി മെറ്റാബറോൺസ്" എന്നിവയുൾപ്പെടെ നിരവധി കോമിക് പുസ്തക പരമ്പരകളിൽ മോബിയസ്, ജുവാൻ ഗിമെനെസ് തുടങ്ങിയ പ്രശസ്ത കലാകാരന്മാരുമായി അദ്ദേഹം സഹകരിച്ചു.

തന്റെ ചലച്ചിത്ര സങ്കൽപ്പത്തിൽ ആത്മീയത, നിഗൂഢത, മനഃശാസ്ത്രം എന്നിവയിലുള്ള അദ്ദേഹത്തിന്റെ താൽപ്പര്യം ജൊഡൊറോവ്സ്കിയെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. ടാറോറ്റ് , ആൽക്കെമി, സെൻ ബുദ്ധമതം എന്നിവയുൾപ്പെടെ വിവിധ നിഗൂഢ പാരമ്പര്യങ്ങൾ അദ്ദേഹം പഠിക്കുകയും തന്റെ സർഗാത്മക പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തു.

ജൊഡൊറോവ്സ്കിയുടെ കലാപരമായ ആവിഷ്ക്കാരത്തിന്റെ സവിശേഷത അതിന്റെ ധീരത, മൗലികത, മനുഷ്യബോധത്തിന്റെ ആഴങ്ങൾ തേടൽ എന്നിവയാണ്. തന്റെ പ്രവർത്തനത്തിൽ ഉടനീളം സെൻസർഷിപ്പും വിവാദങ്ങളും നേരിട്ടെങ്കിലും, അദ്ദേഹം ഒരു നിർഭയനും വിട്ടുവീഴ്ചയില്ലാത്തതുമായ കലാകാരനായി തുടർന്നു.



പുസ്തക രചന , പ്രഭാഷണങ്ങൾ , വിവിധ വിഭാഗങ്ങളിൽ നിന്നുള്ള കലാകാരന്മാരുമായി സഹകരണം എന്നിവയുൾപ്പെടെ വിവിധ പദ്ധതികളിൽ ജൊഡൊറോവ്സ്കി പ്രവർത്തിക്കുന്നു . അവന്റ്-ഗാർഡ് സിനിമാ ലോകത്ത് അദ്ദേഹം ആദരണീയനായ വ്യക്തിയായി തുടരുകയും തന്റെ അതുല്യമായ കാഴ്ചപ്പാടും സർഗ്ഗാത്മകതയും കൊണ്ട് പ്രേക്ഷകരെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു.

സർറിയലിസം, മിസ്റ്റിസിസം, പ്രതീകാത്മകത എന്നിവ സമന്വയിപ്പിക്കുന്ന അതുല്യവും ദർശനാത്മകവുമായ സിനിമകളാണ് അലജാൻഡ്രോ ജൊഡൊറോവ്സ്കിയുടേത്.

ജൊഡൊറോവ്സ്കിയുടെ ആദ്യ ഫീച്ചർ ഫിലിം, "ഫാൻറ്റോയും ലിസും", അതിന്റെ പ്രകോപനപരവും അവന്റ്-ഗാർഡ് ഉള്ളടക്കവും കാരണം വിവാദങ്ങൾക്ക് കാരണമായി. ഫാൻറ്റോയും ലിസും യുവ ദമ്പതികളാണ് . അവർ , പുരാണ നഗരമായ ടാർ തേടി സാങ്കൽപ്പിക ഭൂപ്രകൃതിയിലൂടെ സഞ്ചരിക്കുന്നു . സിനിമയിലെ ഞെട്ടിപ്പിക്കുന്ന സംഭ്രമ ചിത്രങ്ങളും ലൈംഗികതയും അക്രമത്തിന്റെ പ്രമേയങ്ങളും മെക്സിക്കോയിൽ അത് നിരോധിക്കുന്നതിനും ആദ്യ പ്രദർശനത്തിൽ ഒച്ചപ്പാടിനും കാരണമായി.

ജൊഡൊറോവ്സ്കിയുടെ മാസ്റ്റർപീസ് ആയി പരക്കെ കണക്കാക്കപ്പെടുന്ന "എൽ ടോപ്പോ" ഒരു സൈക്കഡെലിക് വിശകലന മാതൃകയാണ്. എൽ ടോപ്പോ ഒരു പോരാളിയാണ് . അയാൾ ജ്ഞാനോദയത്തിനായുള്ള അന്വേഷണയാത്ര ആരംഭിക്കുന്നു . മതപരമായ പ്രതീകാത്മകത, സർറിയൽ വിഷ്വലുകൾ, അസ്തിത്വ പ്രമേയങ്ങൾ എന്നിവയാൽ അദ്ദേഹത്തിൻറെ സിനിമ, റിലീസ് ചെയ്തപ്പോൾ അത് ഒരു ഉത്തരാധുനിക കൾട്ട് ക്ലാസിക് ആയി മാറുകയാണുണ്ടായത് . "എൽ ടോപ്പോ" പലപ്പോഴും അർദ്ധരാത്രിയിൽ കാണുന്ന സിനിമാ വിഭാഗത്തെ ജനപ്രിയമാക്കി. പുതിയ തലമുറയിലെ ചലച്ചിത്ര പ്രവർത്തകരിൽ അഗാധമായ സ്വാധീനം ചെലുത്തി.



"ദ ഹോളി മൗണ്ടൻ" (1973) മറ്റൊരു സർറിയൽ മാസ്റ്റർപീസാണ് . ആത്മീയത, പ്രബുദ്ധത, യാഥാർത്ഥ്യത്തിന്റെ സ്വഭാവം എന്നിവ പ്രത്യേകതയാണ് . ഒരു കള്ളൻ ഒരു ആൽക്കെമിസ്റ്റിനെ കണ്ടുമുട്ടുകയും അനശ്വരതയുടെ രഹസ്യം കണ്ടെത്താനുള്ള ഒരു യാത്ര ആരംഭിക്കുകയും ചെയ്യുന്നതാണ് സിനിമ. വഴിയിൽ, അവൻ വിചിത്രമായ

കഥാപാത്രങ്ങളെ കണ്ടുമുട്ടുകയും അതിയാഥാർത്ഥ്യവും ഭ്രമാത്മക ദർശനങ്ങളും അനുഭവിക്കുകയും ചെയ്യുന്നു. "എൽ ടോപ്പോ" പോലെ, "ദി ഹോളി മൗണ്ടൻ" അതിശയിപ്പിക്കുന്ന ദൃശ്യങ്ങളും വിപുലമായ പ്രതീകാത്മകതയും ഉൾക്കൊള്ളുന്നു . കൂടാതെ ക്ളാസിക് സിനിമാപ്രേമികൾക്കിടയിൽ ജൊഡൊറോവ്സ്കി പ്രിയങ്കരനുമായി .

"സാന്താ സാംഗ്രെ" ( വിശുദ്ധ രക്തം - 1989), ഒരു സർക്കസ് കമ്പനിയിലെ ജീവിതസാഹചര്യത്തിൽ വളർന്നുവന്ന് ബാല്യത്തിൽ കനത്ത മാനസിക ആഘാതമേറ്റ ഫെനിക്സ് എന്ന യുവാവിന്റെ കഥ പറയുന്ന ഒരു സൈക്കോളജിക്കൽ ഹൊറർ സിനിമയാണ്. ആഘാതം, ഭ്രാന്ത്, വീണ്ടെടുപ്പ് എന്നിവ പ്രമേയത്തിൽ കാണാം . ഈ സിനിമ ജൊഡൊറോവ്സ്കിയ്ക്ക് കൂടുതൽ ആരാധകരെ നേടിക്കൊടുത്തു . "സാന്താ സാംഗ്രെ" പുറത്തിറങ്ങിയപ്പോൾ തന്നെ രാജ്യാന്തര നിരൂപക പ്രശംസ നേടുകയുണ്ടായി


അലെജാൻഡ്രോ ജൊഡൊറോവ്സ്കിയുടെ ആത്മകഥാപരമായ ചിത്രമാണ് "ദി ഡാൻസ് ഓഫ് റിയാലിറ്റി" ( 2013 ) . ഒരു നീണ്ട ഇടവേളയ്ക്ക് ശേഷം അദ്ദേഹം ചലച്ചിത്രനിർമ്മാണത്തിലേക്കുള്ള തിരിച്ചുവരവായി ഇത് അടയാളപ്പെടുത്തുന്നു. ആത്മകഥാപരമായ ചലച്ചിത്ര പരമ്പരയിലെ ആദ്യ ഭാഗവുമാണിത്.

ജൊഡൊറോവ്സ്കിയുടെ ആത്മകഥാപരമായ ചലച്ചിത്ര പരമ്പരയിലെ രണ്ടാം ഭാഗമാണ് "എൻഡ്ലെസ് പോയട്രി" ( 2013 ) . ചിലിയിലെ ജൊഡൊറോവ്സ്കിയുടെ യൗവനവും ഒരു യുവ കവിയും കലാകാരനും എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ അനുഭവങ്ങളും ഈ സിനിമ വിവരിക്കുന്നു. "അനന്തമായ കവിത" എന്ന അർത്ഥമുള്ള ഈ സിനിമ സർഗ്ഗാത്മകത, കലാപം, അർത്ഥത്തിനായുള്ള തിരച്ചിൽ എന്നിവയെ അവതരിപ്പിക്കുന്നു . ദൃശ്യപരമായി അതിശയിപ്പിക്കുന്നതും ആഴത്തിലുള്ളതുമായ വ്യക്തിഗത സൃഷ്ടിയാണ്.

ലോകമെമ്പാടുമുള്ള പ്രേക്ഷകരെയും ചലച്ചിത്ര നിർമ്മാതാക്കളെയും പ്രചോദിപ്പിക്കുന്ന ജൊഡൊറോവ്സ്കിയുടെ സിനിമകൾ വൈവിധ്യമാർന്നതും ധ്യാനാത്മകതയും സംഭ്രമകല്പനയുള്ളതുമാണ് . ലോകസിനിമയുടെ ദൃശ്യഭാഷയുടെ വ്യാകരണത്തിൽ ഒരു നൂതന അധ്യായവുമാണ് . കാൻ പോലുള്ള രാജ്യാന്തര ചലച്ചിത്ര മേളകളിൽ പ്രേക്ഷക പ്രശംസ നേടിയ അദ്ദേഹത്തിന്റെ ഏതാനും സിനിമകൾ കേരള ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന ഐ. എഫ്. എഫ്. കെ യിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

★ ★ ★






**സദ്ഭാവന ട്രസ്റ്റ്**
**തിരുവനന്തപുരം**

**ഫോൺ : 9497670642, 8089763875**
**Email: tosatbhavanatrust@gmail.com**

ഫിലിം വിഷൻ
JODOROVSKY FILM FESTIVAL
PUBLISHED BY FILCA FILM SOCIETY





# ജൊഡോറോവ്സ്കി സിനിമകളുടെ ദർശനവും ശൈലിയും



ഷീബ. എസ്. ജെയിംസ്

**ലോ**ക ചലച്ചിത്രകലയുടെ ആരാധകരാൽ ആദരിക്കപ്പെടുന്ന അലജാൻഡ്രോ ജൊഡോറോവ്സ്കിയുടെ സിനിമകൾ എളുപ്പത്തിൽ വർഗ്ഗീകരിക്കാനോ മനസ്സിലാക്കാനോ കഴിയാത്ത തരത്തിൽ ഗഹനമാണ്.

ദർശനപരമായ കഥ പറച്ചിലും, സർ റിയലിസ്റ്റിക് ഇമേജറിയും, ദാർശനിക വിഷയങ്ങളും കൊണ്ട് തനതായൊരു ദൃശ്യവ്യാകരണം. വ്യവസ്ഥാപിത സങ്കൽപ്പങ്ങളെ നിഷേധിക്കുന്നതിനാലും പ്രഹസനാക്ഷേപ രൂപത്തിൽ ആഖ്യാനം ചെയ്യുന്നതിനാലും അദ്ദേഹത്തിന്റെ സിനിമാ സൃഷ്ടികളെ നിർവചിക്കുന്ന ദർശനത്തെയും, ശൈലിയെയും കുറിച്ച് ആഴത്തിലുള്ള പഠനങ്ങൾ വിരളവുമാണ്.

സർ റിയലിസ്റ്റിക് ദൃശ്യങ്ങളുടെയും, പ്രതീകാത്മക രൂപങ്ങളുടെയും കളി സ്ഥലമാണ് ജൊഡോറോവ്സ്കിയുടെ സിനിമകൾ. മനുഷ്യാവസ്ഥയെ കുറിച്ചുള്ള ആഴത്തിലുള്ള സത്യങ്ങൾ അന്വേഷിക്കുന്ന അദ്ദേഹം പലപ്പോഴും സ്വപ്ന തുല്യമായ സ്വീക്വൻസുകളും അസംബന്ധസാഹചര്യങ്ങളും അതിശയകരമായ ഇമേജറിയും ഉപയോഗിക്കുന്നു. പ്രതീകാത്മകത അദ്ദേഹത്തിന്റെ കഥ പറച്ചിലിന്റെ ഒരു പ്രത്യേകതയാണ് .

ആജീവനാന്ത ആത്മീയ യാത്രയിലൂടെ വിവരിച്ച ജൊഡോറോവ്സ്കിയുടെ സിനിമാറ്റിക് ആവിഷ്ക്കാരം അക്രമാസക്തമായ അതിയഥാർത്ഥ ചിത്രങ്ങളും, മിസ്റ്റിസത്തിന്റെയും, മതപരമായ പ്രകോപനത്തിന്റെയും സങ്കര മിശ്രിതം കൊണ്ട് നിറഞ്ഞിരിക്കുന്നതിനാൽ അദ്ദേഹത്തിന്റെ പൂർത്തിയാക്കിയ സിനിമകൾ എണ്ണത്തിൽ കുറവാണ്.

ബുനുവൽ, ഫെല്ലിനി തുടങ്ങിയ സംവിധായകർ ആധുനിക നിരൂപക സമൂഹത്തിന്റെ പ്രിയങ്കരരായി ആഘോഷിക്കപ്പെട്ടപ്പോൾ മറുവശത്ത് ഏറെ വിമർശിക്കപ്പെടുകയും വിലക്കപ്പെടുകയും ചെയ്തത് നമുക്ക് മുന്നിലുണ്ട്. ജൊഡോറോവ്സ്കി തന്റെ വൈയക്തിക വിചാരപഥത്തിൽ ചലച്ചിത്ര ലോകത്തിന്റെ അതിരുകൾ കടന്ന് തന്റെ വ്യതിരിക്തമായ അതിയഥാർഥ്യവും

നിഗൂഢമായ സംവേദനചിഹ്നങ്ങളും കൊണ്ട് സിനിമയെ വ്യാഖ്യാനിച്ചു.



അസ്തിത്വപരമായ ചോദ്യങ്ങൾ, ആന്തരിക സംഘർഷങ്ങൾ, മാനസിക ആഘാതങ്ങൾ എന്നിവയുമായി പിടി മുറുക്കുന്ന കഥാപാത്രങ്ങളെയാണ് ജൊഡോറോവ്സ്കി തന്റെ സിനിമയിൽ അവതരിപ്പിക്കുന്നത്. മനുഷ്യമനസ്സിന്റെ ആഴങ്ങളിലേക്ക് കഥാപാത്രം ആഴ്ന്നിറങ്ങുന്നു. അദ്ദേഹത്തിന്റെ സിനിമകൾ പലപ്പോഴും യഥാർഥ്യവും മിഥ്യയും തമ്മിലുള്ള അതിർവരമ്പുകളെ ഇല്ലാതാക്കുന്നു.

അദ്ദേഹത്തിന്റെ സിനിമ ധാരണയുടെയും ബോധത്തിന്റെയും സ്വഭാവത്തെ ചോദ്യം ചെയ്യാൻ കാഴ്ച്ചക്കാരെ ക്ഷണിക്കുന്നു. അവയെ നിരൂപകർ മൂല്യപ്പെടുത്തുന്നത് വളരെ മന്ദഗതിയിലാണ്. അദ്ദേഹത്തിന്റെ സിനിമകളുടെ വളരെ പരിമിതമായ ലഭ്യതയാണ് അതിന് ഒരു പ്രധാന കാരണം. ദീർഘകാല ഉടമസ്ഥാവകാശ തർക്കങ്ങൾ കാരണം അവയിൽ മിക്കതും കൾട്ട് സിനിമാ വ്യാപാരികളും, റീട്ടെയിലർമാരും അണ്ടർഗ്രൗണ്ട് സിനിമ എന്ന പേരിൽ പ്രചരിപ്പിച്ചു. എന്നാൽ ഇന്നത് മാറി. പുതിയ തലമുറ അദ്ദേഹത്തിന്റെ ജീവിതത്തെയും, ആശയങ്ങളെയും ഉൾക്കൊണ്ടിരിക്കുന്നതിനാൽ സിനിമകൾക്ക് പുനർ മൂല്യനിർണ്ണയം ഉണ്ടാകുന്നു.

അവാന്ത് - ഗാർഡ് ടെക്നിക്കുകൾ, നോൺ - ലീനിയർ ആഖ്യാനങ്ങൾ, പാരമ്പര്യേതര കഥ പറച്ചിൽ രീതികൾ എന്നിവ ഉൾകൊള്ളുന്ന ചലച്ചിത്ര നിർമ്മാണത്തോടുള്ള നൂതനമായ സമീപനത്തിന്റെ പേരിലാണ് ഇന്ന് ജൊഡോറോവ്സ്കി സിനിമകൾ വിലയിരുത്തപ്പെടുന്നത്.

അദ്ദേഹത്തിന്റെ സിനിമകൾ സർ റിയലിസം, ഫാന്റസി, വെസ്റ്റേൺ, ഹോറർ, പരീക്ഷണാത്മകം, മിസ്റ്റിസിസം, മതാത്മകത എന്നിവയെ സംയോജിപ്പിച്ച് സവിശേഷമായ ഒരു സിനിമാറ്റിക് അനുഭവം കാണികളിൽ സൃഷ്ടിക്കുന്നു.

ജൊഡോറോവ്സ്കിയുടെ സിനിമകൾ പലപ്പോഴും സാമൂഹിക മാന ദണ്ഡങ്ങളെയും, പാരമ്പര്യങ്ങളെയും വെല്ലുവിളിക്കുന്നു. പ്രകോപന പരമായ ഇമേജറി, വിലക്കപ്പെട്ട വിഷയങ്ങൾ, വിവാദപ്രമേയങ്ങൾ എന്നിവ ഉപയോഗിച്ച് അതിരുകൾ മായ്ക്കുന്നു. ലൈംഗികത, അക്രമം, മതം തുടങ്ങിയ വിലക്കപ്പെട്ട വിഷയങ്ങളെ അദ്ദേഹം നിർഭയമായി അഭിമുഖീകരിക്കുന്നു. ചിന്തയെയും, ആത്മ പരിശോധനയെയും പ്രകോപിപ്പിക്കുന്നതിനുള്ള ഒരു ഉപകരണമായി "ഷോക്ക് വാല്യൂ" ഉപയോഗിക്കുന്നു.



തന്റെ സിനിമകളുടെ അതിയാഥാർഥ്യം അദ്ദേഹത്തിന് പലപ്പോഴും അസ്വസ്ഥത ഉളവാക്കി എങ്കിലും തന്റെ കഥാപാത്രങ്ങളിൽ അഗാധമായ അനുകമ്പയും സഹാനുഭൂതിയും

നിറയ്ക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അസംബന്ധവും നിസ്സംഗവുമായ ഒരു ലോകത്ത് അർഥവും ബന്ധവും തേടുന്ന വ്യക്തികളെ സിനിമകളിൽ അവതരിപ്പിക്കുന്നതിനാലും, അവരുടെ പോരാട്ടങ്ങളും, ആഗ്രഹങ്ങളും, അഭിലാഷങ്ങളും അദ്ദേഹം സിനിമയിൽ പര്യവേക്ഷണം ചെയ്യുന്നതിനാലും മനുഷ്യരിലുളവാകുന്ന മാനവികധ്വനി സിനിമകളിൽ തങ്ങി നിൽക്കുന്നു.

ചെറുപ്പം മുതൽ അദ്ദേഹം സർ റിയലിസത്തിന്റെ വലിയൊരു ആരാധകൻ ആയിരുന്നു. അറുപതുകളിൽ പാസ്സിറ്റ എന്ന മെക്സിക്കൻ രോഗശാന്തിക്കാരനെ കണ്ടുമുട്ടിയപ്പോഴാണ് "നിഗൂഢത" യിലുള്ള അദ്ദേഹത്തിന്റെ താല്പര്യം ജനിച്ചത്.

സന്തോഷത്തോടെ മരിക്കുക എന്നതാണ് അലജാൻഡ്രോ ജൊഡോറോവ്സ്കി യുടെ ജീവിതത്തിന്റെ ലക്ഷ്യം. തീ ജ്വാലയ്ക്ക് ചുറ്റും നൃത്തം ചെയ്യുന്ന മനോഹരമായ ചിത്രശലഭമല്ല മറിച്ച് നാം സ്വയം കത്തുന്ന ജ്വാലയാണ് എന്ന് പറയുന്ന ചിത്രങ്ങളാണ് അദ്ദേഹത്തിന്റെ സിനിമകൾ.

1957 La cravate

1968 Fando y Lis ( Fando and Lis )

1970 El Topo

1973 The Holy Mountain

1980 Tusk

1989 Santa Sangre ( Holy Blood )

1990 The Rainbow Thief

2013 The Dance of Reality

2016 Endless Poetry

2019 Psychomagic, a Healing Art

★ ★ ★











# ദി ഡാൻസ് ഓഫ് റിയാലിറ്റി



അർപ്പണാ (ഗിരിജ സുരേന്ദ്രൻ, വൈസ് പ്രസിഡന്റ്,
ഫിൽക്ക ഫിലിം സൊസൈറ്റി)

**2013**-ൽ അലജാന്ദ്രോ ജൊഡോറോവ്സ്കി രചനയും സംവിധാനവും നിർമ്മാണവും നിർവഹിച്ച ചിലിയൻ -ഫ്രഞ്ച് സിനിമയാണ് ദി ഡാൻസ് ഓഫ് റിയാലിറ്റി. (സ്പാനിഷ് : ഇംഗ്ലീഷ് സബ്ടൈറ്റിൽ: 132 മിനിറ്റ്).

ജൊഡോറോവ്സ്കിയുടെ ആത്മകഥാപരമായ ഈ മ്യൂസിക്കൽ ഫാന്റസി ഫിലിം 2013 - ലെ കാൻ ഫിലിം ഫെസ്റ്റിവലിലെ ഡയറക്ടേഴ്സ് ഫോർട്ട്നൈറ്റിൽ പ്രദർശിപ്പിച്ചിരുന്നു.

ബാലനായ അലജാന്ദ്രോ (ജെറമിയാസ് ഹെർസ്കോവിറ്റ്സ്) തന്റെ ജൂത-ഉക്രേനിയൻ മാതാപിതാക്കളായ ജെയിമി (ബ്രോണ്ടിസ് ജോഡോറോസ്കി), സാറ (പമേല ഫ്ലോറസ്) എന്നിവർക്കൊപ്പം ചിലിയിലെ ടോകോപില്ലയിൽ താമസിക്കുന്നു. സ്റ്റാലിനെ ആരാധിക്കുകയും മകനെ വളരെ തീഷ്ണതയോടെ വളർത്തുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റാണ് ജെയ്മി. സിനിമയിലുടനീളം സാറയുടെ സംഭാഷണം ഗോദാർദിയൻ ശൈലിയിൽ ഗാനരൂപത്തിലാണ്.
നീണ്ട സുന്ദരമായ സ്വർണ്ണമുടി ധരിപ്പിച്ച് മകനെ തന്റെ പിതാവിന്റെ പുനർജന്മമായി കാണുവാനാണ് സാറയുടെ താല്പര്യം. റഷ്യയിൽ നിന്ന് അർജന്റീനയിൽ കുടിയേറി പാർത്തവരാണ് സാറയുടെ മാതാപിതാക്കൾ. നീണ്ട സ്വർണ്ണമുടിയുള്ള പിതാവ് ഒരു നർത്തകനായിരുന്നു. ഒരിക്കൽ പിതാവ് വിളക്ക് കൊളുത്തുവാനുള്ള ശ്രമത്തിൽ ചാരായവീപ്പയ്ക്കുള്ളിൽ വീണ് തീപിടിച്ച് വെന്തുമരിക്കുന്നു. ആ സമയത്താണ് സാറ ഗർഭം ധരിക്കുന്നത്. പിതാവിന്റെ പുനർജ്ജന്മമാണ് മകൻ അലജാന്ദ്രോ എന്ന് സാറ വിശ്വസിക്കുന്നത് അങ്ങനെയാണ്.

മകനെക്കുറിച്ചുള്ള ഭാര്യയുടെ അന്ധവിശ്വാസപരമായ വീക്ഷണങ്ങളിൽ പ്രകോപിതനാകുകയും അലജാന്ദ്രോയുടെ പെരുമാറ്റത്തിൽ രോഷാകുലനാവുകയും ചെയ്യുന്ന ജെയിമി മകന്റെ സ്വർണ്ണമുടി ബാർബറെ കൊണ്ട് അഴിച്ചുമാറ്റുകയും ദൈവത്തിന്റെ അസ്തിത്വം നിരസിക്കാൻ അവനോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

ജയിമി മകനിൽ ആത്മനിയന്ത്രണത്തിന്റെയും ധീരതയുടെയും പരീക്ഷണങ്ങൾ നടത്തുന്നു. ഇക്കിളിപ്പെടുത്തൽ, തല്ലൽ, ഒടുവിൽ അനസ്തെഷ്യ ഇല്ലാതെ ഒരു ദന്ത ശസ്ത്രക്രിയയും. മനസ്സ് ഉറപ്പുള്ളതാണെങ്കിൽ

വേദനയെ മറികടക്കാൻ കഴിയും എന്ന് മകനെ ബോധ്യപ്പെടുത്തുന്നു.

മകന്റെ ധീരതയിൽ സംതൃപ്തനായ ജെയിമി , താൻ അലജാന്ദ്രോയെ ബഹുമാനിക്കുന്നുവെന്നും ധീരതയുടെ ചിഹ്നമായി ടോക്കോപില്ലയിലെ അഗ്നിശമന സേനയിൽ ചേർക്കാൻ ഏർപ്പാടാക്കുന്നുവെന്നും അറിയിക്കുന്നു.



അഗ്നിശമനസേനയ്ക്കൊപ്പം അലജാന്ദ്രോ പോകുന്നു. അഗ്നിശമനസേനാംഗങ്ങളിൽ ഒരാൾ അഗ്നിബാധിത വീട്ടിൽ കുടുങ്ങി കത്തിമരിക്കുന്ന കാഴ്ച്ച അവൻ കണ്ടു. തുടർന്നുള്ള ശവസംസ്കാര ഘോഷയാത്രയിൽ, ഫയർമാന്റെ മൃതദേഹത്തോടൊപ്പം പെട്ടിയിൽ കിടക്കുന്നതായി അലജാന്ദ്രോ സങ്കൽപ്പിക്കുന്നു. ഭയന്ന് കുഴഞ്ഞുവീഴുകയും ചെയ്യുന്നു. ജെയിമി അവനെ വീട്ടിലേക്ക് കൊണ്ടുപോകുന്നു.

അലജാൻന്ദ്രോ ഉറക്കമുണർന്നപ്പോൾ ധീരതയുടെ ചിഹ്നമായ യൂണിഫോം കത്തിച്ചുകളയുന്ന ജയിമി വീണ്ടും തന്റെ മകനെ ഭീരു എന്ന് വിളിക്കുന്നു. അവനെക്കുറിച്ച് തനിക്ക് ലജ്ജ തോന്നുന്നുവെന്ന് ആക്രോശിക്കുന്നു .

തന്റെ മകന്റെ ഭീരുത്വവും യഹൂദ പൈതൃകവും കാരണം അവനെ നിന്ദിക്കുമെന്ന് സംശയിക്കുന്ന ജയിമി മറ്റ് അഗ്നിശമന സേനാംഗങ്ങൾക്ക് മുന്നിൽ സ്വന്തം ധൈര്യം തെളിയിക്കാനുള്ള ശ്രമത്തിലാണ്.

പട്ടണത്തിന് പുറത്ത് ക്വാറന്റൈനിലുള്ള പ്ലേഗ് ഇരകൾക്ക് വെള്ളം വിതരണം ചെയ്യാൻ ജെയിമി പോകുന്നു. പക്ഷേ അവർ അവന്റെ കഴുതകളെ കൊന്ന് തിന്നുന്നു. ജയിമി പെട്ടെന്ന് രോഗബാധിതനായി. പ്രത്യക്ഷത്തിൽ രോഗബാധിതനായ അയാൾ തന്റെ കടയിലേക്ക് മടങ്ങുന്നു.

ജയിമിക്ക് പകർച്ചവ്യാധി പിടിപെട്ടുവെന്ന് കണ്ടെത്തുന്ന സൈന്യവുമായി ഒരു തർക്കം ഉടലെടുക്കുന്നു. ജെയിമി കടയിൽ നിന്ന് ഇറങ്ങിവന്ന് കീഴടങ്ങി ക്വാറന്റയിനിൽ പോകാൻ അധികാരികൾ കൽപ്പിച്ചു. അണുബാധ തടയാൻ കട കത്തിക്കുമെന്ന് സൈന്യം ഭീഷണിപ്പെടുത്തി.

സാറ ജെയിമിയുടെ അസുഖം മാറ്റാൻ പ്രാർത്ഥിക്കുകയും അയാളുടെ ശരീരത്തിൽ മൂത്രമൊഴിച്ച് അയാളെ സുഖപ്പെടുത്തുകയും ചെയ്യുന്നു.

തന്റെ അത്ഭുതകരമായ വീണ്ടെടുപ്പിൽ ഊർജ്ജസ്വലനായ ജെയിമി വലതുപക്ഷ പ്രസിഡന്റ് കാർലോസ് ഇബനെസ് ഡെൽ കാമ്പോയെ വധിക്കാൻ പദ്ധതിയിടുന്നു. ഒരു ഡോഗ് ഷോയിൽ ഇബാനെസിനെ വധിക്കാൻ മറ്റൊരു കമ്മ്യൂണിസ്റ്റുമായി ചേർന്ന് പ്രവർത്തിക്കാൻ അയാൾ യാത്രയാവുകയും ചെയ്യുന്നു.

ഡോഗ് ഷോ നടക്കുമ്പോൾ വധശ്രമത്തിൽ സഹപ്രവർത്തകൻ പരാജയപ്പെടുമ്പോൾ ഇബനെസിനും തോക്കുധാരിക്കും ഇടയിൽ ചാടിവീഴുന്ന ജെയിമി സ്വയം ഒരു ഹീറോ ആയി മാറുകയാണ്. ഇബാനെസുമായി അടുക്കാൻ, ജെയിമിയ്ക്ക് അവസരമായി. തന്റെ വീരത്വത്തിന് പ്രതിഫലമായി പ്രസിഡന്റിന്റെ പ്രിയപ്പെട്ട വെള്ളക്കുതിരയായ ബുസെഫാലസിന്റെ കാവൽക്കാരനായി ഒരു

ജോലി ജയിമി ആവശ്യപ്പെടുന്നു. അങ്ങനെ ജയിമി കുതിരാലയത്തിലെത്തി.

ഇബാനെസിനെ കൊല്ലാനുള്ള ഗൂഢാലോചനയുടെ ഭാഗമായി ജെയിമി ബുസെഫാലസിന് വിഷം കൊടുക്കുന്നു . പ്രിയപ്പെട്ട കുതിരയെ അവസാനമായി കാണാൻ ഇബാനസ് എത്തുന്നു. ജെയിമിക്ക് ഇബനെസിനെ വെടിവെക്കാൻ അവസരം കിട്ടി. പക്ഷേ തോക്ക് ചൂണ്ടിയ അയാളുടെ കൈകൾ തളർന്നുപോയി. പരാലിസിസ്.

കഥ അലജാന്ദ്രോയിലേക്കും സാറയിലേക്കും മടങ്ങുന്നു. ഇരുട്ടിനെ എങ്ങനെ ഭയപ്പെടരുതെന്നും ആളുകൾ അവനെ ശ്രദ്ധിക്കുന്നില്ലെന്ന് എങ്ങനെ ഉറപ്പാക്കാമെന്നും സാറ അലജാന്ദ്രോയെ പഠിപ്പിക്കാൻ തുടങ്ങുന്നു. ജെയിമി ജീവിച്ചിരിപ്പുണ്ടെന്നും അദ്ദേഹം തങ്ങളെ ഇരുവരേയും സ്നേഹിക്കുന്നുണ്ടെന്നും അവളുടെ ഹൃദയത്തിൽ അത് അറിയാമെന്നും അവനോട് പറയുന്നു.

ഒരു ബലൂണിൽ ഒരു കല്ല് കെട്ടി അവർ അത് പറത്തിവിടുന്നു. അത് അവനിലേക്ക് വഴി കണ്ടെത്തുമെന്ന് അവൾ ഉറപ്പാക്കുന്നു. ബലൂണിൽ തൂക്കിയ കല്ല് നഗരത്തിന് മുകളിലൂടെ , ഫെല്ലിനിയൻ ശൈലിയിൽ, അകലേയ്ക്ക് പറന്നു...

ജയിമി താമസിക്കുന്ന ഒരു കുടിലിന്റെ മേൽക്കൂരയിൽ ആ കല്ല് വീഴുന്നു. ജയിമി ആളാകെ മാറിപ്പോയിരുന്നു. താടിയും മുടിയും നീണ്ട് ഒരു ഭ്രാന്തനെ പോലെയായി. തനിക്ക് ഓർമ്മ നഷ്ടപ്പെട്ടുവെന്നും ഒരു കുള്ളൻ കർഷക സ്ത്രീയോടൊപ്പമാണ് താൻ ജീവിക്കുന്നതെന്നും, തന്റെ തളർന്ന കൈകളിൽ ചിലിയൻ പതാകയുടെ വർണ്ണം പൂശിയിട്ടുണ്ടെന്നും ജയിമി തിരിച്ചറിയുന്നു.

ജെയിമി തന്റെ വീട്ടിലേക്കുള്ള നീണ്ട യാത്ര ആരംഭിച്ചു. പക്ഷേ നാസി സൈനികർ അയാളെ പിടികൂടി പീഡിപ്പിച്ചു . ചിലിയിൽ ജനകീയ വിപ്ലവം നടന്നു. വിമതർ ജെയിമിയെ മോചിപ്പിച്ച് ടോക്കോപ്പില്ലയിലെ കുടുംബത്തിലേക്ക് തിരികെ കൊണ്ടുവരുന്നു.

"സ്റ്റാലിനിൽ നിങ്ങൾ അഭിനന്ദിച്ചതെല്ലാം നിങ്ങൾ ഇബാനസിൽ കണ്ടെത്തി. നിങ്ങളും അവരെപ്പോലെയാണ് ! നിങ്ങൾ ഒരു സ്വേച്ഛാധിപതിയുടെ വേഷത്തിലാണ് ജീവിച്ചത്" എന്ന് സാറ പറയുന്നു. സാറയുടെ നിശ്ചയപ്രകാരം ജയിമിയുടെയും ഇബാനസിന്റെയും സ്റ്റാലിന്റെയും ചിത്രങ്ങൾക്ക് നേർക്ക് നിറയൊഴിക്കാൻ ജയിമിയോട് അവൾ ആവശ്യപ്പെടുന്നു. അയാൾ ബന്ധപ്പെട്ട് ആ കൃത്യം നിർവഹിക്കുമ്പോൾ പരാലിസിസ് പിടിപെട്ട അയാളുടെ കൈകൾ സുഖപ്പെട്ടു....തുടർന്ന്



അലജാന്ദ്രോയും ജെയിമിയും സാറയും ഒരു ബോട്ടിൽ കയറി ടോകോപില്ലയിൽ നിന്ന് പലായനം ചെയ്യുകയാണ് ...

തന്റെ സിനിമാ ജീവിതത്തിൽ ഏറ്റവും വ്യക്തിപരവും വൈകാരികവുമായ സൃഷ്ടികൾ അവതരിപ്പിക്കുമ്പോൾ പോലും, പ്രായം ധൈര്യത്തിന്റെ കാര്യത്തിൽ തന്നെ ഒട്ടും മയപ്പെടുത്തിയിട്ടില്ലെന്ന് സ്വയം ബോധിപ്പിക്കുന്ന ആത്മകഥാപരമായ ഒരു ചലച്ചിത്ര കൃതിയാണ് ഡാൻസ് ഓഫ് റിയാലിറ്റി.

"ദി ഡാൻസ് ഓഫ് റിയാലിറ്റി" 1930-കളുടെ തുടക്കത്തിൽ, ചിലിയൻ പട്ടണമായ ടോകോപില്ലയിലെ ബാല്യത്തെ അടയാളപ്പെടുത്തുന്നു.

കമ്മ്യൂണിസത്തിൽ നിന്ന് റാഡിക്കലിസത്തിലേക്കുള്ള നാടകീയമായ പരിവർത്തനവും തുടർന്ന് സൈനിക നേതാവായ കാർലോസ് ഇബാനെസിനെ വധിക്കാനുള്ള അന്വേഷണത്തിലേക്ക് തിരിയുകയുമാണ് ജയിമി. അതിനായി കുടുംബത്തെ പോലും ഉപേക്ഷിക്കുന്നു.

"ദി ഡാൻസ് ഓഫ് റിയാലിറ്റി" യിൽ പ്രക്ഷുബ്ധമായ അച്ഛൻ-മകൻ ബന്ധങ്ങൾ മുതൽ അംഗഭംഗം, കുള്ളൻ, വ്യാധിബാധിതർ തുടങ്ങിയവർ വരെയുള്ള വിവിധ ശാരീരിക ക്ലേശങ്ങളുടെ ഇരകളോടുള്ള പരിഗണനയും ജനകീയ രാഷ്ട്രീയ മാറ്റങ്ങളും വരെ കഥാഗതിയിൽ കാണാം.

കഥാപാത്രങ്ങൾ യാഥാർത്ഥ്യബോധത്തിൽ അധിഷ്ഠിതമാണെങ്കിലും സിനിമയുടെ ഘടനയിൽ , അതിശയകരമായ ബിംബങ്ങൾ കലരുന്നുണ്ട് . കഥയുടെ രണ്ടാം പകുതിയിൽ അതിശയോക്തികൾ വ്യക്തമാണ്. വിശാലമായ സീനുകളിൽ പ്രഹസന അസംബന്ധവുമുണ്ട്.

ജൊഡോറോവ്സ്കി തന്റെ പിതാവ് ഇബാനെസിനെ കൊല്ലാൻ ഒരിക്കലും ശ്രമിച്ചിട്ടില്ലെന്ന് സമ്മതിച്ചിട്ടുഉള്ളതിനാൽ, ഇത് കലാസൃഷ്ടി എന്ന നിലയിൽ ഒരു കലാകാരന്റെ ശക്തവും ആഴത്തിലുള്ളതുമായ ഒരു ആവിഷ്ക്കാരമായിക്കാണാം.

ജൊഡോറോവ്സ്കി സിനിമയുടെ തുടക്കത്തിൽ, പണത്തിന്റെ അനിവാര്യമായ തിന്മയെക്കുറിച്ച് ധ്യാനിക്കുന്ന ചലച്ചിത്രകാരനായി പ്രത്യക്ഷമാവുന്നു. പിന്നീട് ബാലനായ അലജാന്ദ്രോയോടൊപ്പം വിവിധ സന്ദർഭങ്ങളിൽ വിശകലനത്തിനായും അവതരിക്കുന്നുണ്ട്.

"ദി ഡാൻസ് ഓഫ് റിയാലിറ്റി" യിലെ ദൃശ്യവിസ്മയങ്ങൾ അർത്ഥം ധ്വനിപ്പിക്കുന്ന ഇമേജറികളാണ് എന്നതാണ് സിനിമയെ അവിസ്മരണീയമാക്കുന്നത് - അവ എന്താണെന്ന് ഒറ്റനോട്ടത്തിൽ പൂർണ്ണമായും വ്യക്തമല്ലെങ്കിലും.

ഉദാഹരണത്തിന്, അസ്വസ്ഥനായ അലജാന്ദ്രോ കടലിലേക്ക് കല്ലുകൾ എറിയുമ്പോൾ ഒരു മിത്തിക്കൽ കഥാപാത്രം അവനെ ശാസിക്കുകയും കൂറ്റൻ തിര ഉയരുകയും ആയിരക്കണക്കിന് മത്തികൾ കടൽത്തീരത്തടിയുകയും വലിയൊരു കൂട്ടം കടൽക്കാക്കകൾ പറന്നിറങ്ങുകയും ചെയ്യുന്ന ഒരു രംഗമുണ്ട്. ഇതിന്റെ അർത്ഥം പെട്ടെന്ന് പിടികിട്ടുകയില്ലെങ്കിലും അവിടെ സംവിധായകൻ പ്രത്യക്ഷനാവുന്നു. ബാലനായ അലജാന്ദ്രോയോട് പൊരുളുകൾ പറയുന്നു. അങ്ങനെ ഈ രംഗം അപൂർവ്വ അനുഭവമായി മാറുന്നു.

"ദി ഡാൻസ് ഓഫ് റിയാലിറ്റി" യുടെ രണ്ട് ഭാഗങ്ങളും ശരിയായി യോജിപ്പിച്ചില്ല, മാത്രമല്ല കഥ അവസാനം കൂട്ടിച്ചേർക്കപ്പെടുന്നില്ല എന്നത് ചർച്ചാവിഷയമാണ്. എന്നാൽ അലജാന്ദ്രോ ജൊഡോറോവ്സ്കിയുടെ സിനിമകളുടെ കാര്യം ഘടനാപരമായി അങ്ങനെയാണ്. അത്തരം കാര്യങ്ങൾ പ്രസക്തമല്ല. മാത്രമല്ല ഘടന എന്ന സങ്കല്പത്തിന് അപ്പുറവുമാണ്. കാഴ്ചക്കാരെ അയഥാർത്ഥങ്ങളിലൂടെ ഒരു യഥാർത്ഥ യാത്രയിലേക്ക് കൊണ്ടുപോകാനും അവരുടെ സിനിമാജീവിതത്തിൽ ഇതുവരെ അനുഭവിച്ചിട്ടില്ലാത്തതും ഭാവിയിൽ അവരുമായി ചേർന്നുനിൽക്കുന്നതുമായ ആശയ ദൃശ്യങ്ങൾ അവർക്ക് നൽകാനും ഏറെ ഇഷ്ടപ്പെടുന്ന ഒരു ചലച്ചിത്രകാരനാണ് ജൊഡോറോവ്സ്കി.

★ ★ ★

ഫിലിം വിഷൻ
filca
JODOROVSKY FILM FESTIVAL
29
PUBLISHED BY FILCA FILM SOCIETY
KSFDC
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം



# ദി ഹോളി മൗണ്ടൻ



വിനോദ് കുമാർ. പി (ട്രഷറർ,   ഫിൽക്ക ഫിലിം സൊസൈറ്റി )

**1973**-ൽ അലജാന്ദ്രോ ജൊഡോറോവ്സ്കി സംവിധാനം ചെയ്ത് സ്പാനിഷ് ഭാഷയിൽ പുറത്തിറങ്ങിയ ഒരു മെക്സിക്കൻ സർറിയലിസ്റ്റിക് സിനിമയാണ് 'ദി ഹോളി മൗണ്ടൻ ' ( 114 മിനിറ്റ് ). 1973-ൽ കാൻ ഉൾപ്പെടെയുള്ള വിവിധ അന്താരാഷ്ട്ര ചലച്ചിത്രമേളകളിലും ന്യൂയോർക്കിലെയും സാൻ ഫ്രാൻസിസ്കോയിലെയും മറ്റു ഏതാനും മേളകളിലും ഈ ചിത്രം പ്രദർശിപ്പിച്ചു.

സംഗീതജ്ഞരായ  ജോൺ ലെനനും ജോർജ്ജ് ഹാരിസണും പ്രശംസിച്ച ജൊഡോറോവ്സ്കിയുടെ ക്ലാസ്സിക് ഹിറ്റായ " എൽ ടോപ്പോ" യെ തുടർന്ന്, ABKCO മ്യൂസിക് ആൻഡ് റെക്കോർഡ്സിന്റെ ബീറ്റിൽസ് മാനേജർ അല്ലെൻ ക്ലെയ്ൻ ആണ് ഈ ചിത്രം നിർമ്മിച്ചത്. ജോൺ ലെനനും യോക്കോ ഓനോയും നിർമ്മാണത്തിനുള്ള പണം ചെലവഴിച്ചു. .

ലോകത്തിലെ ഏറ്റവും ശക്തരും സ്വാധീനമുള്ളവരുമായ പുരുഷന്മാരും സ്ത്രീകളും അനശ്വരതയുടെ രഹസ്യം കൈവശപ്പെടുത്താൻ ഒരു പർവതത്തിലേക്ക് നടത്തുന്ന യാത്രയാണ് ഈ ചിത്രത്തിലൂടെ ജൊഡോറോവ്സ്കി പറയുന്നത്. മനുഷ്യ സമൂഹത്തെ കുറിച്ചുള്ള പല തലങ്ങളിലുള്ള വിമർശനങ്ങളിലൂടെ ഈ ചിത്രം കടന്നു പോകുന്നു.

സാഹചര്യത്തെ വിശകലനം ചെയ്യാനും ഭാവിഫലം ആരായാനും മനഃശാസ്ത്രപരമായി ഉൾക്കാഴ്ച നൽകുന്ന ടാരോട് കാർഡ് ജ്യോൽസ്യത്തെ പ്രതിനിധീകരിക്കുന്ന ഒരാൾ  ( അയാൾ പിന്നീട് കള്ളനാണെന്ന് തിരിച്ചറിയുന്നു), ഈച്ചകൾ കൊണ്ട് മുഖം മറച്ചു മരുഭൂമിയിൽ കിടക്കുന്നു. അഞ്ച് വാളുകളെ പ്രതിനിധീകരിക്കുന്ന അംഗവിഹീനനായ ഒരു കുള്ളൻ അവനുമായി ചങ്ങാത്തത്തിലാകുന്നു. ഇവർ വിനോദസഞ്ചാരികളെ ആനന്ദിപ്പിച്ച് പണം സമ്പാദിക്കുന്ന നഗരത്തിലേക്ക് യാത്ര ചെയ്യുന്നു.

മോഷ്ടാവ് കാഴ്ചയിൽ യേശുക്രിസ്തുവിനോട് സാമ്യമുള്ളതിനാൽ, ചില പ്രദേശവാസികൾ - ഒരു കന്യാസ്ത്രീയും മൂന്ന് യോദ്ധാക്കളും - അവന്റെ ശരീരത്തെക്കുറിച്ച് ഭവ്യരാണ്. അവർ വഴികള്ളൻ ക്രൂശിതരൂപം വിൽക്കുന്ന പണിയിലേർപ്പെടുന്നു .

ഒരു പുരോഹിതനുമായുള്ള തർക്കത്തിനുശേഷം, കള്ളൻ ഒരു ക്രൂശിത രൂപത്തിന്റെ മെഴുക് മുഖം ഭക്ഷിക്കുകയും ബാക്കിഭാഗം ബലൂണുകൾ ഉപയോഗിച്ച് ആകാശത്തേക്ക് അയയ്ക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുകയും സ്വർഗ്ഗത്തിലേക്ക് "സ്വയം" സമർപ്പിക്കുകയും ചെയ്യുന്നതിന്റെ പ്രതീകമാണിത്.

ഉയരമുള്ള ഒരു ഗോപുരത്തിന് ചുറ്റും ഒരു ജനക്കൂട്ടം തടിച്ചുകൂടിയിരിക്കുന്നത് അയാൾ ശ്രദ്ധിക്കുന്നു. അവിടെ ഭക്ഷണത്തിന് പകരമായി ഒരു സ്വർണ്ണ സഞ്ചിയുള്ള ഒരു വലിയ കൊളുത്ത് കാണുന്നു.

സ്വർണ്ണത്തിന്റെ ഉറവിടം കണ്ടെത്താൻ ആഗ്രഹിച്ച കള്ളൻ ഗോപുരത്തിൽ കയറുന്നു. അവിടെ അദ്ദേഹം ആൽക്കെമിസ്റ്റിനെയും അവന്റെ നിശബ്ദ സഹായിയെയും കണ്ടെത്തുന്നു.

ആൽക്കെമിസ്റ്റുമായുള്ള ഏറ്റുമുട്ടലിനുശേഷം, കള്ളൻ ഒരു കണ്ടെയ്നറിൽ മലമൂത്രവിസർജ്ജനം ചെയ്യുന്നു. വിസർജ്യത്തെ ആൽക്കെമിസ്റ്റ് സ്വർണ്ണമാക്കി മാറ്റുന്നു.

ആൽക്കമിസ്റ്റ് ഉപദേശിക്കുന്നു - "നിങ്ങൾ വിസർജ്യമാണ്, നിങ്ങൾക്ക് സ്വയം സ്വർണ്ണമായി മാറാം." കള്ളൻ സ്വർണ്ണം സ്വീകരിക്കുന്നു. എന്നാൽ തന്റെ പ്രതിഛായ കാണുമ്പോൾ സ്വർണ്ണം കൊണ്ട് കണ്ണാടി തകർക്കുന്നു.പരീക്ഷകനായ ആൽക്കെമിസ്റ്റ് കള്ളനെ ഒരു അപ്രന്റീസായി എടുക്കുന്നു.

തന്റെ യാത്രയിൽ അനുഗമിക്കുന്ന ഏഴുപേരെകള്ളൻപരിചയപ്പെടുത്തുന്നു. ഓരോന്നും ഒരു ഗ്രഹത്തിന്റെ വ്യക്തിത്വമായി അവതരിപ്പിക്കപ്പെടുന്നു. പ്രത്യേകിച്ചും അതത് ഗ്രഹവുമായി ബന്ധപ്പെട്ട നെഗറ്റീവ് സ്വഭാവസവിശേഷതകൾ.

ശുക്രനെ പ്രതിനിധീകരിക്കുന്ന ഒരു സൗന്ദര്യവർദ്ധകവസ്തു നിർമ്മാതാവ്. ചൊവ്വയെ പ്രതിനിധീകരിക്കുന്ന ആയുധ നിർമ്മാതാവ്. വ്യാഴത്തെ പ്രതിനിധീകരിക്കുന്ന ഒരു കോടീശ്വരൻ ആർട്ട് ഡീലർ . ശനിയെ പ്രതിനിധീകരിക്കുന്ന ഒരു യുദ്ധ കളിപ്പാട്ട നിർമ്മാതാവ്. യുറാനസിനെ പ്രതിനിധീകരിക്കുന്ന ഒരു രാഷ്ട്രീയ സാമ്പത്തിക ഉപദേഷ്ടാവ്. നെപ്റ്റ്യൂണിനെ പ്രതിനിധീകരിക്കുന്ന ഒരു പോലീസ് മേധാവി. പ്ലൂട്ടോയെ പ്രതിനിധീകരിക്കുന്ന ഒരു ആർക്കിടെക്റ്റ്...



പണവും മെഴുക് പ്രതിമകളും കത്തിക്കാൻ ആൽക്കെമിസ്റ്റ് ഏഴ് ആളുകളോട് നിർദ്ദേശിക്കുന്നു. ആൽക്കെമിസ്റ്റ്, കള്ളൻ, ആൽക്കെമിസ്റ്റിന്റെ സഹായി എന്നിവർ ചേർന്ന് അവർ പത്ത് പേരടങ്ങുന്ന ഒരു സംഘം ഉണ്ടാക്കുന്നു. വിവിധ പരിവർത്തന ചടങ്ങുകളിലൂടെ കഥാപാത്രങ്ങളെ ആൽക്കെമിസ്റ്റാണ് നയിക്കുന്നത്.

ഒരു വിശുദ്ധ പർവതത്തിൽ വസിക്കുന്ന ഒമ്പത് അനശ്വര യജമാനന്മാരിൽ നിന്ന് അമർത്യതയുടെ രഹസ്യം നേടുന്നതിനായി "ലോട്ടസ് ഐലൻ"ഡിലേക്ക് അവർ പത്തുപേർ ഒരു ബോട്ടിൽ യാത്ര തിരിക്കുന്നു.

ലോട്ടസ് ഐലൻഡിൽ എത്തിയപ്പോൾ, വിശുദ്ധ പർവതത്തിനായുള്ള തങ്ങളുടെ അന്വേഷണം ഉപേക്ഷിക്കുകയും അതോടൊപ്പം മയക്കുമരുന്ന്, കവിത, ഭോഗം എന്നിവയിൽ ഏർപ്പെടുകയും ചെയ്യുന്ന ,

സെമിത്തേരിയിൽ നടക്കുന്ന സംഗീത സൽക്കാര മേളയായ പാന്തിയോൺ ബാർ അവരെ വഴിതെറ്റിക്കുന്നുണ്ട്.

എന്നാൽ പ്രലോഭനത്തിൽ വീഴാതെ ബാർ ഉപേക്ഷിച്ച് അവർ മല കയറുന്നു...

ഓരോരുത്തർക്കും അവരുടെ ഏറ്റവും മോശമായ ഭയങ്ങളെയും ആസക്തികളെയും പ്രതിനിധീകരിക്കുന്ന വ്യക്തിഗതവും പ്രതീകാത്മകവുമായ ദർശനമുണ്ടാകുന്നു.

മുകൾത്തട്ടിനടുത്ത്, നഗരത്തിൽ നിന്ന് പർവതത്തിലേക്ക് ഒരു യുവ വേശ്യ ഒരു ചിമ്പാൻസിയെയും കൊണ്ട് കള്ളനെ പിന്തുടരുന്നുണ്ട്.
യാത്രികർ മുഖമില്ലാത്ത ഡമ്മികൾ പോലുള്ളവരെ അനശ്വരരെ അഭിമുഖീകരിക്കുന്നു.

"സൂം ബാക്ക്, ക്യാമറ!" എന്ന ആജ്ഞയോടെ ആൽക്കെമിസ്റ്റ് നാലാമത്തെ മതിൽ തകർക്കുന്നു. സങ്കല്പങ്ങളിലും പ്രതീകങ്ങളിലും കാഴ്ചയുടെ മായയിലുമാണ് നാം ജീവിക്കുന്നത് . യാഥാർത്ഥ്യത്തിലേക്ക് മടങ്ങിവരണം.

ഇപ്പോൾ നാം കാണുന്നത് ക്യാമറകൾ, മൈക്രോഫോണുകൾ, ലൈറ്റുകൾ, ഷൂട്ടിംഗ് ക്രൂ, മറ്റു ജോലിക്കാർ എന്നിവരെയാണ്.

സിനിമയുടെ പ്രേക്ഷകർ ഉൾപ്പെടെ എല്ലാവരോടും വിശുദ്ധ പർവതത്തിൽ നിന്ന് പുറത്തുപോകാൻ അദ്ദേഹം നിർദ്ദേശിക്കുന്നു: " വിശുദ്ധ പർവതത്തോട് വിട, യഥാർത്ഥ ജീവിതം ഞങ്ങളെ കാത്തിരിക്കുന്നു."

ലോകസിനിമയെ വിറപ്പിച്ച പരീക്ഷണ ചിത്രമായിരുന്നു " ദി ഹോളി മൗണ്ടൻ ". അടുത്ത സീനിൽ എന്താണ് സംഭവിക്കുന്നത് എന്ന് പ്രേക്ഷകനു ഊഹിക്കാൻ കഴിയാത്ത തരത്തിലുള്ള ഡയറക്ടേഴ്സ് ബ്രില്യൻസ് എന്ന് ഈ സിനിമയെ വിശേഷിപ്പിക്കാം.

★ ★ ★



ഫിലിം വിഷൻ
JODOROVSKY FILM FESTIVAL
32
PUBLISHED BY FILCA FILM SOCIETY
KSFDC
കേരള ഭാഗ്യക്കുറി



# സാന്തേ സാഗ്രേ (വിശുദ്ധ രക്തം )



വിനോദ് കുമാർ.പി. (ട്രഷറർ, ഫിൽക്ക ഫിലിം സൊസൈറ്റി)

1989 ൽ പുറത്തിറങ്ങിയ ഒരു അവന്റ്-ഗാർഡ് സർറിയൽ ഹൊറർ ചിത്രമാണ് സാന്തേ സാഗ്രേ അഥവാ വിശുദ്ധ രക്തം . അലജാൻഡ്രോ ജൊഡോറോവ്സ്കി സംവിധാനം ചെയ്ത ഈ ചിത്രത്തിന്റെ തിരക്കഥ എഴുതിയത് ക്ലോഡിയോ അർജന്റോ, റോബർട്ടോ ലിയോണി എന്നിവർ ചേർന്നാണ്.

മെക്സിക്കോ നഗരത്തിന്റെ പശ്ചാത്തലത്തിൽ ഒരു സർക്കസ് കമ്പനിയിൽ വളർന്ന ഫെനിക്സ് എന്ന ബാലന്റെ കുട്ടിക്കാലത്തെ മാനസിക ആഘാതത്തിന്റെയും പോരാട്ടത്തിന്റെയും കഥയാണ് ഈ ചിത്രം പറയുന്നത്. എമ്പയർ മാസികയുടെ 2008-ലെ എക്കാലത്തെയും മികച്ച 500 സിനിമകളുടെ പട്ടികയിൽ ഇത് ഉൾപ്പെട്ടിട്ടുണ്ട്.

മെക്സിക്കോയിൽ ചിത്രീകരിച്ച ഈ സിനിമ അക്ഷരാർത്ഥത്തിലും ആലങ്കാരികമായും ഒരു വിചിത്ര പ്രദർശനമാണ്. സാഡിസം, കശാപ്പ്, മതഭ്രാന്ത്, അംഗഭംഗം, വൈചിത്ര്യം എന്നിവയാൽ പൂരിതവുമാണ്.

സർക്കസിലെ ഭയാനക സംഭവങ്ങൾ കാണേണ്ടി ഒരു ആൺകുട്ടി ഭ്രാന്താശുപത്രിയിൽ എത്തപ്പെട്ടു . വർഷങ്ങൾ കടന്നുപോയി...

അവിടെ മരക്കൊമ്പിൽ നഗ്നരൂപത്തിൽ ഇരിക്കുന്ന അയാളിൽ നിന്നുമാണ് ചിത്രം ആരംഭിക്കുന്നത്. നഴ്സുമാർ അവന്റെ അടുത്തേക്ക് വന്ന് അവനെ ഉടുപ്പ് അണിയിക്കാൻ ശ്രമിക്കുമ്പോൾ അവന്റെ നെഞ്ചിൽ കാണുന്നത് ഫീനിക്സ് പക്ഷിയുടെ ടാറ്റൂ.

വർഷങ്ങൾക്ക് മുമ്പ്, കത്തി എറിയുന്ന പിതാവ് ഓർഗോയും ട്രപ്പീസ് ആർട്ടിസ്റ്റും അത്ഭുത വിശ്വാസിയുമായ അമ്മ കോഞ്ചയും നടത്തുന്ന സർക്കസിൽ "കുട്ടി മാന്ത്രികൻ" ആയിരുന്നു ഫെനിക്സ്.

സർക്കസ് സംഘത്തിൽ, നഗ്നമേനിയാകെ ടാറ്റൂ ചെയ്ത കലാകാരി , ഓർഗോ എറിയുന്ന കത്തികൾക്ക് നടുവിൽ ബോർഡിൽ സാഹസികമായി നിൽക്കുന്നവളാണ്. അവളുടെ ദത്തുപുത്രി അൽമയും ഫെനിക്സും ഫെനിക്സിന്റെ കുള്ളൻ സുഹൃത്ത് അലാഡിനും ഏതാനും കോമാളികളും ഒരാനയും സർക്കസ് താരങ്ങളാണ്.

മദ്യപനായ ഓർഗോ പച്ചകുത്തിയ കലാകാരിയുമായി പരസ്യമായി പ്രേമ ഭാവഹാവാദികളിൽ ഏർപ്പെടുന്നത് കാണികൾക്ക് ഹരമാണ്.

ബലാത്സംഗത്തിനിരയായി രണ്ട് സഹോദരന്മാരാൽ കൈകൾ വെട്ടിമാറ്റി കൊലചെയ്യപ്പെട്ട ഒരു പെൺകുട്ടിയെ വിശുദ്ധയായി കാണുന്നവളാണ് കോഞ്ച. ആ വിശുദ്ധയുടെ രൂപം പ്രതിഷ്ഠിച്ച ഒരു താൽക്കാലിക ആരാധനാലയം അവിടെയുണ്ട്. നടുത്തളത്തിൽ ആ വിശുദ്ധയുടേതെന്നു വിശ്വസിക്കപ്പെടുന്ന രക്തം നിറഞ്ഞ കുളവുമുണ്ട്.



ഭൂവുടമയുടെ നിർദ്ദേശപ്രകാരം സൈന്യം അവരുടെ പള്ളി ബുൾഡോസർ കൊണ്ട് ഇടിച്ചു നിരത്താൻ പോകുന്നു. സൈന്യത്തിനും ബുൾഡോസറിനുമെതിരെ കോഞ്ചയും അനുയായികളും പ്രതിഷേധിച്ച് നിലകൊള്ളുന്നു. ഒരു മെത്രാൻ സംഘർഷം പരിഹരിക്കാൻ അവിടെയെത്തി.

വിശുദ്ധ സ്ഥലം പരിശോധിക്കാൻ അദ്ദേഹം ആരാധനാലയത്തിൽ പ്രവേശിച്ചു. പവിത്രമായി വിശ്വസിക്കപ്പെട്ട ആ രക്തക്കുളവും കൈകളില്ലാത്ത ബാലികയുടെ വിശുദ്ധ പ്രതിമയും വിശ്വാസവും ആരാധനയും അംഗീകാരമില്ലാത്തതാണെന്നും പള്ളി പൊളിക്കണമെന്നും അദ്ദേഹം ആജ്ഞാപിച്ചു കൊണ്ട് പോകുന്നു.

അങ്ങനെ ആ പള്ളി ബുൾഡോസർ കൊണ്ട് ഇടിച്ചു നിരത്തുമ്പോൾ ഫെനിക്സ്, മാതാവായ കോഞ്ചയെ ബുൾഡോസറിനു മുന്നിൽ നിന്നും പിന്തിരിപ്പിച്ച്  സർക്കസ് കൂടാരത്തിലേക്ക് നയിക്കുന്നു.

കോഞ്ച അവിടെയെത്തുമ്പോൾ അവൾ ഓർഗോയും കലാകാരിയും തമ്മിലുള്ള ലൈംഗികബന്ധം കാണുന്നു. എന്നാൽ ഒരു ഹിപ്നോട്ടിസ്റ്റ് കൂടിയായ ഓർഗോ കോഞ്ചയെ മയക്കത്തിലാക്കി അവളെ ബലാത്സംഗം ചെയ്യുന്നു.

സർക്കസിലെ ആനയുടെ മരണം ഫെനിക്സിനെ ദുഃഖത്തിലാഴ്ത്തി. തുമ്പിക്കൈയിൽ നിന്ന് രക്തസ്രാവത്തെ തുടർന്ന് ആന ചെരിയുന്ന രംഗം കാണികൾക്ക് ഹൃദയഭേദകമാണ്. ഒരു പൊതു ശവസംസ്കാരം നടത്തപ്പെടുന്നു. ആനയുടെ ജഡം ഒരു പേടകത്തിനുള്ളിലാക്കി നഗരത്തിലൂടെ കൊണ്ടുപോകുന്നു . പിന്നീട് ആ പെട്ടി നഗരത്തിലെ മാലിന്യനിക്ഷേപ സ്ഥലത്ത് പുറന്തള്ളുന്നു. അവിടെ ഓടിക്കൂടുന്ന തോട്ടിപ്പണിക്കാർ പെട്ടി തുറന്ന്, ആനയെ വെട്ടി മാംസം കൊണ്ടുപോകുന്നു.

അതുകണ്ട് ഒരു കൊച്ചു പെൺകുട്ടിയെപ്പോലെ ഫെനിക്സ് കരഞ്ഞതിന് ഓർഗോ ഫെനിക്സിനെ ആക്രോശിക്കുന്നു. ചുവന്ന മഷിയിൽ മുക്കിയ കത്തി ഉപയോഗിച്ച് സ്വന്തം നെഞ്ചിൽ വരച്ചത് പോലെ , ചിറക് വിരിച്ച ഫീനിക്സ് പക്ഷിയുടെ ചിത്രം അവന്റെ നെഞ്ചിലും പച്ചകുത്തുന്നു. ഈ ടാറ്റൂ, ഫെനിക്സിനെ ഒരു മനുഷ്യനാക്കുമെന്ന് ഓർഗോ പ്രഖ്യാപിക്കുന്നു.

കോഞ്ച തന്റെ ട്രപ്പീസ് പ്രകടനത്തിനിടയിൽ ഉയരത്തിൽ നിന്ന് , ഓർഗോയും പച്ചകുത്തിയ കലാകാരിയും കാമാസക്തിയോടെ കൂടാരത്തിൽ ഒളിക്കുന്നത് കാണുന്നു. അവൾ അവരെ പിന്തുടർന്നു. അവർ ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നത് കണ്ട്, ഒരു കുപ്പി

സൽഫ്യൂറിക് ആസിഡ് ഓർഗോയുടെ ജനനേന്ദ്രിയത്തിലേക്ക് കോഞ്ചോ ഒഴിച്ചു.

മരണവെപ്രാളത്തിൽ ഓർഗോ, കോഞ്ചോയുടെ രണ്ട് കൈകളും മുറിച്ചുകൊണ്ട് പ്രതികാരം ചെയ്യുന്നു. ശേഷം അയാൾ തെരുവിലിറങ്ങി സ്വന്തം കഴുത്തറുക്കുന്നു...ഒരു വാനിനുള്ളിൽ അടയ്ക്കപ്പെട്ട ഫെനിക്സ് ഇതിനെല്ലാം സാക്ഷ്യം വഹിക്കുന്നു.

ടാറ്റൂ ചെയ്ത കലാകാരി അൽമയ്ക്കൊപ്പം സർക്കസ് കൂടാരത്തിൽ നിന്നും രക്ഷപെട്ട് ഓടിപ്പോകുന്നത് ഫെനിക്സ് കാണുന്നുണ്ട്.

മനോരോഗിയായ , ഓർമ്മകൾ നഷ്ടപ്പെട്ട , യുവാവായ ഫെനിക്സിനെ നാം വീണ്ടും കാണുന്നു. ആശുപത്രി അധികൃതർ അയാളെ മറ്റ് മന്ദബുദ്ധികളായ കുട്ടികൾക്കൊപ്പം അഭയകേന്ദ്രത്തിൽ നിന്ന് ഒരു സിനിമാ തിയേറ്ററിലേക്ക് വിനോദ യാത്രയ്ക്ക് കൊണ്ടുപോകുകയാണ്.

ഒരു പിമ്പ് അവരെ തടയുകയും കൊക്കെയ്ൻ കഴിക്കാൻ പ്രേരിപ്പിക്കുകയും അമിതഭാരമുള്ള ഒരു വേശ്യയെ കാണാൻ കൊണ്ടുപോകുകയും ചെയ്യുന്നു.

ഫെനിക്സ് അവിടെ, പണ്ട് സർക്കസിൽ ഉണ്ടായിരുന്ന, ടാറ്റൂ ചെയ്ത കലാകാരിയെ കണ്ടു. അവൾ ഇപ്പോൾ ഒരു വേശ്യയാണ്.

വീണ്ടും അഭയകേന്ദ്രത്തിലെത്തിയ ഫെനിക്സ് കൈകളില്ലാത്ത അമ്മ കോഞ്ച തെരുവിൽ നിന്ന് അവനെ വിളിക്കുന്നത് കാണുന്നതോടെ അവന് ഓർമ്മ തെളിയുന്നു...

അവൻ ജനാല വഴി ഒരു കയറിൽ കയറി രക്ഷപ്പെടുന്നു. ടാറ്റൂ ചെയ്ത കലാകാരി തന്റെ വളർത്തുമകൾ അൽമയെ വേശ്യാവൃത്തി ചെയ്യാൻ പ്രേരിപ്പിക്കുന്നു. യുവതിയായ അൽമാ രക്ഷപെട്ട് ഓടിപ്പോയി ഒരു ട്രക്കിന്റെ മുകളിൽ ഉറങ്ങുന്നു...തുടർന്ന് പച്ചകുത്തിയ കലാകാരി  അദൃശ്യനായ ഒരു അക്രമിയുടെ കൈകളാൽ കൊല്ലപ്പെടുന്നു.

ഫെനിക്സും കോഞ്ചയും വീണ്ടും ഒന്നിച്ചത് പോലെ...അവൻ അവളുടെ പിന്നിൽ നിൽക്കുകയും തന്റെ കൈകൾ മുന്നോട്ട് നീട്ടി ചലിപ്പിക്കുകയും ചെയ്യുന്നു.

ഒരു യുവ ഗുസ്തിക്കാരൻ ഉൾപ്പെടെ മറ്റു സ്ത്രീകളെ കൊല്ലാൻ കോഞ്ച തന്റെ മകന്റെ കൈകൾ ഉപയോഗിക്കുന്നു...

ഒരു സ്വപ്ന പരമ്പരയിലെന്നോണം ഫെനിക്സ് നിരവധി സ്ത്രീകളെ കൊല്ലുന്നതും അവരെല്ലാം അവനെ വേട്ടയാടുന്നതും നിഗൂഢ വിഭ്രമ സംഭവങ്ങൾ പോലെ നാം കാണുന്നു.

അൽമ ഫെനിക്സിനെ കണ്ടെത്തുന്നതോടെ അവർ പരസ്പരം വ്യക്തമായി ബാല്യകാലം തിരിച്ചറിയുന്നു. അവർ ഒരുമിച്ച് കോഞ്ചയിൽ നിന്ന് ഓടിപ്പോകാൻ പദ്ധതിയിട്ടു.

അൽമയെയും കൊല്ലാൻ കോഞ്ച ഫെനിക്സിനെ നിർബന്ധിക്കുന്നു. അവരുടെ തർക്കം ഒരു പോരാട്ടമായി... ഫെനിക്സ് കോഞ്ചയുടെ വയറ്റിൽ ഒരു കത്തി കുത്തിയമർത്തി...

അവൾ അപ്രത്യക്ഷമാകും മുൻപ് ഫെനിക്സിനോട് പറഞ്ഞു : താൻ എപ്പോഴും അവന്റെ ഉള്ളിലായിരിക്കും...

ഫ്ലാഷ്ബാക്കുകളുടെ ഒരു ദ്രുതഭ്രമ പരമ്പരയിലൂടെ, കോഞ്ച യഥാർത്ഥത്തിൽ ഓർഗോ ഇരുകൈകളും വെട്ടിയതോടെയാണ് മരിച്ചതെന്നും സ്റ്റേജിലും വീട്ടിലും അവതരിപ്പിക്കുന്നതിനായി ഫെനിക്സ് തന്റെ കൈകളില്ലാത്ത അമ്മയുടെ ഒരു മാനെക്വിൻ സൂക്ഷിച്ചിരുന്നുവെന്നും വെളിപ്പെടുത്തുന്നു.

ഫെനിക്സ് തന്റെ ജീർണിച്ച വീട്ടിൽ തന്റെ ബാല്യകാല സുഹൃത്തുക്കളായ അലാഡിന്റെയും കോമാളികളുടെയും സഹായത്തോടെ കോഞ്ചയുടെ രൂപത്തിലുള്ള മാനെക്വിൻ വലിച്ചെറിയുന്നു.

പോലീസ് കാത്തിരിക്കുന്ന വീടിന് പുറത്ത് ഫെനിക്സിനെ നയിക്കാൻ അൽമ മുന്നിലുണ്ട്. സൈന്യം കൈകൾ ഉയർത്താൻ അവരോട് കൽപ്പിക്കുന്നു. അവർ രണ്ടുപേരും അനുസരിക്കുമ്പോൾ, ഫെനിക്സ് തന്റെ കൈകൾ ഭയത്തോടെ നോക്കുന്നു. ഒടുവിൽ തന്റെ കൈകളുടെ നിയന്ത്രണം തിരിച്ചുപിടിച്ചുവെന്ന ഫെനിക്സിന്റെ തിരിച്ചറിവ് അവനിൽ സന്തോഷവും സമാധാനവും നൽകുന്നു...

കാമവികാരവും ക്രോധവും പ്രലോഭനവും കൊണ്ടുള്ള ഊർജ്ജത്താൽ ത്രസിക്കുന്ന ഒന്നാണ് " വിശുദ്ധ രക്തം ". ജൊഡോറോവ്സ്കിയുടെ വിചിത്ര ദർശന ലോകം സർറിയലിസ്റ്റുകളോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. ജൊഡോറോവ്സ്കിയുടെ കയ്യിൽ സിനിമ നിർമ്മിക്കുന്നതിനുള്ള ധനം പരിമിതമായിരുന്നുവെങ്കിൽ കൂടി അദ്ദേഹത്തിന്റെ ഭാവന അതിരുകളില്ലാത്തതാണ്. വിശുദ്ധ രക്തം നിഗൂഢമായ മനുഷ്യ സത്യങ്ങളെ ആവിഷ്കരിക്കുന്ന ഭ്രമകല്പനയുടെ ദൃശ്യഭാഷയാണ്.

★ ★ ★



ഫിലിം വിഷൻ
JODOROVSKY FILM FESTIVAL
PUBLISHED BY FILCA FILM SOCIETY
KSFDC
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം





# എൻഡ് ലസ് പോയട്രി

സുരേഷ് കുമാർ സി. (ബീം ഫിലിം സൊസൈറ്റി)

സ്വന്തം അപകർഷ ജീവിതാനുഭവങ്ങൾക്ക് മേൽ ഭാവാത്മകതയുടെ മേലങ്കി ചാർത്തി കവിതയിലൂടെ ചലച്ചിത്ര രചനയിലേക്ക് കടന്നുവന്ന ചിലിയൻ - ഫ്രഞ്ച് സംവിധായകനായ അലജാന്ദ്രോ ജൊഡോറോവ്സ്കിയുടെ ആത്മകഥാപരമായ രണ്ടാമത്തെ സൃഷ്ടിയാണ് 2016-ൽ പുറത്തിറങ്ങിയ എൻഡ് ലെസ് പോയട്രി. 2013 ൽ പുറത്തിറങ്ങിയ ദി ഡാൻസ് ഓഫ് റിയാലിറ്റി യാണ് ആദ്യ ഭാഗം. തന്റെ കൗമാര - യൗവനാരംഭ കാലഘട്ടങ്ങളുടെ കഥയാണ് എൻഡ് ലെസ് പോയട്രി യിലൂടെ അലെജാന്ദ്രോ പറയുന്നത്.

സാന്തിയാഗോക്ക് സമീപമുള്ള മതുക്കാന എന്ന ഒരു ബൊഹീമിയൻ ഗ്രാമ പ്രദേശത്തെ തന്റെ കൗമാര ജീവിതകാലം ചിത്രീകരിക്കാൻ അതേ തെരുവ് തന്നെയാണ് അദ്ദേഹം തെരഞ്ഞെടുത്തത്. പ്രാഥമിക പഠനത്തിനു ശേഷം പിതാവിന്റെ  സാന്തിയാഗോവിലുള്ള കടയിൽ ജോലി ചെയ്തു കൊണ്ടാണ് അലെജാന്ദ്രോയുടെ കൗമാരകാലം കടന്നുപോകുന്നത്.

മകന്റെ തുടർപഠനം വൈദ്യശാസ്ത്രത്തിലാകണമെന്ന രക്ഷിതാക്കളുടെ സമ്മർദ്ദത്തോട് പൂർണ്ണമായും മുഖം തിരിച്ച അലെജാന്ദ്രോ കവിതയാണ് തന്റെ ജീവിത വഴിയായി തെരഞ്ഞെടുത്തത്.

കവിതയോടൊപ്പം അഭിനയവും പരിശീലിച്ചുകൊണ്ട് വീട്ടിൽ നിന്നും പതുക്കെ പുറത്തുകടക്കാൻ തുടങ്ങിയ കൗമാരക്കാനായ ആ ബാലൻ ഒരു സർക്കസ് ടീമിനൊപ്പം മൈം കലാകാരനായി കൂടി.

ഈ യാത്രയിൽ പരിചയപ്പെട്ട ഒരു നല്ല മനുഷ്യൻ നല്കിയ ഒരു സ്റ്റുഡിയോയിലായിരുന്നു അവന്റെ തുടർ ദിനങ്ങൾ. ജീവിതത്തെ നിർണ്ണായകമായി സ്വാധീനിച്ച ബന്ധങ്ങളുടേയും സംഭവങ്ങളുടെയും സമ്പത്താണ് ആ സ്റ്റുഡിയോ ജീവിതകാലം അലജാന്ദ്രോക്ക് നൽകിയത്.

അക്കാലത്തെ പ്രശസ്തരായ കവികളും കലാകാരന്മാരുമായിരുന്ന Nicanor Para, Stella Dia Varin, Enrique Lihn എന്നിവരുമായി ബന്ധം തുടങ്ങുന്നത് അവിടെ വച്ചാണ്.

The Viper എന്ന കവിതയുടെ പ്രചോദനമായി അലെജാന്ദ്രോ കണക്കാക്കുന്ന വ്യക്തിയാണ് സ്റ്റെല്ല . സ്റ്റെല്ലയുടെ പേരിലുള്ള തെറ്റിദ്ധാരണയിൽ പാരാ യെ അധിക്ഷേപിക്കുകയും മറ്റൊരു വിഷയത്തിൽ എൻറിക്കുമായി വഴക്കിടുകയും ചെയ്യുന്ന അലെജാന്ദ്രോ തന്റെ അച്ഛന്റെ സുഹൃത്തിന്റെ പ്രേരണയിൽ സർക്കസ് കലാജീവിതത്തിലേക്ക് തിരിച്ചു പോയി.



ഒരു തീപിടുത്തത്തിൽ വീടും തന്റെ ബാല്യകാല സ്മരണികകളുമെല്ലാം നഷ്ടപ്പെട്ടതറിഞ്ഞ് മനം തകർന്ന അലെജാന്ദ്രോ അദ്ധ്യാപകവൃത്തിയിലേർപ്പെട്ടിരിക്കുന്ന പാരാ യുടെ അടുത്തെത്തുന്നു. എങ്കിലും, കവിതാ ജീവിതമുപേക്ഷിച്ച് മറ്റ് ജീവിത മാർഗ്ഗം തേടണമെന്ന അദ്ദേഹത്തിന്റെ ഉപദേശം സ്വീകരിക്കാൻ അവൻ തയ്യാറാകുന്നില്ല.

തന്റെ സർറിയലിസ്റ്റിക് കലാ സ്വപ്നങ്ങളുമായി പാരീസിലേക്ക് കടക്കാൻ തീരുമാനിക്കുകയും, അച്ഛന്റെ തടസ്സപ്പെടുത്തലുകൾ മറിക്കടന്ന് പാരീസിലേക്ക് പോകുകയും ചെയ്യുന്നു.

സ്വകാര്യ ജീവിതാനുഭവങ്ങൾക്ക് സമാന്തരമായി ചിലിയൻ സാമൂഹ്യ- രാഷ്ട്രീയ സാഹചര്യങ്ങളും പ്രാധാന്യത്തോടെ ചിത്രത്തിൽ കടന്നുവരുന്നു . അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെയുള്ള രാഷ്ട്രീയ നിലപാടുകളും കുടുംബ സങ്കൽപ്പത്തിനെതിരെയുള്ള ദാർശനിക ധാരണകളും ചിത്രത്തിൽ പലപ്പോഴായി ഉയർന്നു വരുന്നുണ്ട്.

സ്വന്തം ജീവിതത്തോട് പരമാവധി സത്യസന്ധത പുലർത്തിക്കൊണ്ട് തനിക്ക് തന്നെയുള്ള സമർപ്പണമായി മാറുന്നുണ്ട്, ഒരർത്ഥത്തിൽ, ഈ സിനിമ.



ഫിലിം വിഷൻ
JODOROVSKY FILM FESTIVAL
38
PUBLISHED BY FILCA FILM SOCIETY

KSFDC
കേരള ഭാഗ്യക്കുറി



ചലച്ചിത്ര നിരൂപണകാവ്യം

# സ്വപ്നഭാഷതൻ ആത്മരഹസ്യങ്ങൾ, ജൊഡോറോവ്സ്കി സിനിമകൾ



സാബു ശങ്കർ(ജനറൽ സെക്രട്ടറി, ഫിൽക്ക ഫിലിം സൊസൈറ്റി)

സ്വപ്നത്തിൻ നീരാഴി നീന്തിക്കടന്നപ്പോൾ...
പഴയ പാട്ടിൻ ഈരടി പോലെ.

സ്വപ്നത്തിൻ നീരാഴി നീന്തിക്കടന്നപ്പോൾ
സത്യത്തിനജ്ഞാത തീരം തെളിഞ്ഞു
സമസ്യകൾക്കുത്തരം തിരഞ്ഞു
ചിലിയിലെ ചലച്ചിത്രകാരൻ
അലജാന്ദ്രോ ജൊഡോറോവ്സ്കിയൻ
മനഃശാസ്ത്ര മാന്ത്രിക ദൃശ്യവിസ്മയം
ചലച്ചിത്ര ഘടനയിൽ നവ്യജനിതകം
കേൾക്കൂ , ലൂയി ബുനുവൽ -
ഫ്രഡറിക്കോ ഫെല്ലിനി -
ഴാൻ ലൂക്ക് ഗോദാർദ് പാതയിൽ
പുതിയ കാലൊച്ചകൾ
മാസ്മര വിഭ്രമ താളങ്ങൾ
സ്വപ്നഭാഷതൻ ആത്മരഹസ്യങ്ങൾ.


**1. യഥാർഥ്യത്തിന്റെ നൃത്തം**
സ്വർണ്ണ നാണയങ്ങൾ പെയ്യുന്നു
സർ റിയലിസ്റ്റ് കലയുടെ ചെന്തുള്ളികൾ.
പണം രക്തമാണ്
ഒഴുകുമെങ്കിലത് ജീവിതം
പണം ക്രിസ്തുവാണ്
പങ്കുവെയ്ക്കുമെങ്കിലത് പുണ്യം.

മോഹവലയത്തിലല്ലെങ്കിൽ
മോദദായക വിവേകത്തിൻ
വിശ്വപുഷ്പം വിടർത്തുന്നു,
വശ്യസൗരഭം പകർത്തുന്നു.
അതിരറ്റതിനെ വാഴ്ത്തുന്നുവെങ്കിൽ
അവർക്കതാ ആത്മാവിൽ നാശം.
വ്യത്യാസമില്ല,
മനസാക്ഷിയും പണവും തമ്മിൽ
വ്യത്യാസമില്ല
മനസാക്ഷിയും മരണവും തമ്മിൽ.

വരണ്ട മലകളിൽ നിന്നും
കറുത്ത വസ്ത്രത്തിൽ
പ്ളേഗ് ബാധിതർ വരിയായി
നഗരത്തിലേക്കിറങ്ങുന്നു
വ്യത്യാസമില്ല , മനസാക്ഷിയും
മരണവും തമ്മിലിപ്പോൾ.

സാഹസികതയും കോമാളിത്തവും
സമ്മിശ്രമാം കൂടാരം പോലെ ജീവിതം.
ചിലിയിലെ ടോക്കോപില്ലയിൽ
ചലച്ചിത്രത്തിനൊരു പാഠഭേദം .
അലജാന്ദ്രോ ജൊഡോറോവ്സ്കി
ജീവിതകഥ താളം കൊട്ടുന്നു.

ബാലകൻ അലജാന്ദ്രോ
സ്വർണ്ണമുടി ചൂടിയവൻ.




മാതൃതാതൻ നർത്തകൻ
സ്വർണ്ണമുടിക്കാരൻ.
വിളക്ക് തെളിക്കാൻ ഒരിക്കൽ
ചാരായവീപ്പയിൽ കയറവേ
വീണു തീയിൽ വെന്തുനീറവേ
ഗർഭം ധരിച്ചവൾ സാറാ.
ആ പിതാവിൻ പുനർജന്മമത്രേ മകൻ!
വെളിപാടിൻ നിറവുള്ളവൾ സാറാ.
റഷ്യൻ വിപ്രവാസിനി ജൂതകുടുംബിനി
രാഗാത്മക ഭാഷിണി.

സാറാതൻ ലാളനത്താൽ
അലജാൻന്ദ്രോയ്ക്ക്
ലജ്ജാവതിയായൊരു
ബാലികയുടെ മൃദുല മനസ്സ്.
പിതാവ് ജെയിമി കടുത്ത കമ്മ്യൂണിസ്റ്റ്
ജോസഫ് സ്റ്റാലിന്നാരാധകൻ.
പുത്രൻ അലജാന്ദ്രോ കരുത്തനാവണം
ഉരുക്കുപോൽ ഉറച്ചവനാവണം
ക്രൂദ്ധനാം ജെയിമിയാ സൂനുവിൻ
സ്നിഗ്ദമാം സ്വർണ്ണമുടി നീക്കിക്കൽപ്പിച്ചു:

ദൈവം എന്നൊന്നില്ല ഭൂവിതിൽ
ധീരനാവണം ചരിത്രപാതയിൽ.
ജെയിമിതൻ മുഷ്ടിയാൽ വീഴുന്നു
സർക്കസ് കൂടാരക്കോമാളികൾ.

ഭയന്നോടുന്നു കൊച്ചലജാന്ദ്രോ
തെരുവിലൂടെങ്ങോട്ടോ.
കാസ യുക്രെനിയായിൽ നിന്നും
സാറാ രാഗാലാപനം പൊഴിക്കുന്നു :
എവിടേയ്ക്കോടുന്നുവെൻ
പ്രിയ പിതാവേ നീ?
അലജാന്ദ്രോ കൂവുന്നു:
അല്ല, നിൻപിതാവല്ല, മകനാണ് ഞാൻ.

കടൽ ശാന്തമായിരുന്നു.
കല്ലെടുത്തവൻ അമർഷത്തോടെറിഞ്ഞു.
ഉയരങ്ങളിലേക്കുയരങ്ങളിലേക്ക്
ഉയരേണ്ടവർ ഉയർന്നോളൂ.

തീരക്കാവലാൾ വിലക്കുന്നു :
അരുതരുത്, കടലമ്മ കോപിക്കും.
അലജാന്ദ്രോ പിന്നെയുമെറിയുന്നു,
ആഴിക്കഗാധമായി നോവുന്നു.
ഉയരുന്നു കടലല സൂനാമിപോലെ
പിടയുന്നു മീൻപറ്റം തീരമാകെ.
പറന്നെത്തുന്നായിരം കടൽക്കാക്കകൾ
പകച്ചോടുന്നു കൊച്ചലജാന്ദ്രോ.

പ്രത്യക്ഷനായി സംവിധായകൻ
ബാല്യത്തെ തടവുന്നു
മെല്ലെ സാന്ത്വനമേകുന്നു
ജീവിക്കുന്ന ജൊഡോറോവ്സ്കി .
ഓർമ്മിപ്പിക്കുന്നു മനുഷ്യചോദനയിലെ
പ്രാകൃത പ്രകൃതിയ്ക്കൊരാമുഖം.

കാണികൾ നാം കാണുവാൻ തുടങ്ങുന്നു
കദന യഥാർത്ഥ്യത്തിൻ നൃത്തം.
സ്വപ്നഭാഷതൻ ആത്മരഹസ്യം
സർഗ്ഗ സിനിമയ്ക്കൊരു നവവിസ്മയം.

## 2. വിശുദ്ധ ശൈലം

മന്ത്രമുഖരിത മാസ്മരവലയത്തിൽ മുണ്ഡനം
ചെയ്യുന്നു നഗ്നമേനികൾ.
തലോടുന്നു നീണ്ടവിരലുകൾ
തമോഗർത്ത ഗായകൻ പാടുന്നു.
അഗാധ നീലിമയാർന്ന കണ്ണുകൾ
അനന്ത ശക്തിയാവാഹിക്കുന്നു.

ഈച്ചകൾ പൊതിഞ്ഞ മുഖവുമായി
ഇവിടെ ശയിക്കുന്നു ഭ്രാന്തപഥികൻ.
അബോധ ലോകത്തിലാണു ഗാത്രം
അനസ്യൂതമൊഴുകുന്നു മൂത്രം.

അവനരികിൽ അലറുന്നു സിംഹം
ആക്രാന്തരായി അമറുന്നു തവളകൾ
താന്ത്രിക് രഹസ്യങ്ങൾ തുറക്കും
ടാരോട്ട് ചീട്ടു ചിത്രങ്ങൾ.

കൈകാലുകൾ ഇല്ലാത്തൊരു കുള്ളനും
കുട്ടിവൃന്ദവും വഹിക്കുന്നു പഥികനെ.
മരക്കുരിശിലേറ്റിയ പഥികനെ
മുറിപ്പെടുത്തുന്നു കല്ലേറുകൾ.
ആഹ്ലാദരവങ്ങളിൽ താളം മുറുകുന്നു
അജ്ഞാതനിദ്രാടകൻ ഉണരുകയായ്.
ആക്രോശിച്ചകറ്റി ബാലവൃന്ദത്തെ
അവൻ യാത്രയായി കുള്ളനെയുമേന്തി.

ചോരവാർന്ന ശവങ്ങളുമായി
ചലിക്കുന്നു സൈന്യവാഹനം.
ചിരികൾ മുഴങ്ങുന്നു
ചുവപ്പിന്റെ നഗരവീഥിയിൽ
ചീറ്റുന്നു തോക്കുകൾ
ചിതറി വീഴുന്നു യുവചേതന.

തൊലിയുരിഞ്ഞ ജഡങ്ങളേന്തി നീങ്ങുന്നു
തെരുവിൽ സൈന്യവ്യൂഹത്തിൻ താളം
കൗതുകം കണ്ടു രസിക്കുന്നു യാത്രികർ
കൈവിരിച്ചു മുട്ടിലിഴയുന്നു ജനത.
വെടിയേറ്റ് വീണവർതൻ നിശബ്ദ ഗീതം
വിപ്ലവത്തിനന്ത്യം പകർത്തുന്നു ക്യാമറ.

വെടിയുണ്ട തറച്ച നെഞ്ചിൽ നിന്നും
വീണ്ടും പറന്നുയരുന്നു പക്ഷികൾ.

ഉന്മാദ നർത്തനമാടുന്നു നഗരം
ഉതിർന്നരക്തം നെറ്റിയിലണിഞ്ഞ വാസരം
ഓന്തുകളുടെ പടവിരുന്നൊരുക്കിയ
ഒരുകൂട്ടം യുവചിന്തകർ കാണും
കുള്ളനേയുമേന്തി നടക്കുന്നു പഥികൻ
കള്ളനാവാം അവൻ ക്രിസ്തുവാകാം.

ക്രൂശിത രൂപങ്ങൾ വിൽക്കുന്ന വീഥിയിൽ
കന്യാമറിയത്തിൻ വേഷത്തിലൊരാൾ
കൂടെ റോമൻ പടയാളി വേഷക്കാരും
ക്രൗര്യത്തോടെ ചുഴറ്റുന്നു ചാട്ടകൾ.
കൂലിക്കു കുരിശു ചുമക്കുന്നു പഥികൻ
കൂടുന്നു കുള്ളനും താങ്ങുന്നു.
പഥികന്റെ രൂപം ക്രിസ്തുവിന്റേത്
പടയാളികൾ ക്ഷണിക്കുന്നവനെ.
മദ്യലഹരിയിൽ മയങ്ങും പഥികന്റെ
മുഖകാന്തി പകർത്തുന്നു പ്ലാസ്റ്ററിൽ.




നിദ്രവിട്ടുണരുന്നു വിഭ്രാന്തപഥികൻ
നിറയെ ക്രൂശിത രൂപങ്ങൾ
ക്രൂശിത ശിൽപ്പമേന്തി നീങ്ങുന്നു
കഥയറിയാതെ അർദ്ധനഗ്നനവൻ

പൊട്ടിച്ചിരിക്കുന്നു വേശ്യകൾ
പാടെ മറന്നു ദർശിക്കുന്നൊരുവൾ
രക്ഷകനാണിവൻ നമ്മെ വീണ്ടെടുക്കാൻ
രാജ്യഭാരം പേറുന്നു തോളിൽ.

പാതവക്കിൽ അഴികൾക്കുള്ളിൽ നൃത്തം
പതിവായി സൈന്യവും പൗരന്മാരും.
അവൻ വരുന്നൂ , അവൻ വരുന്നൂ
അവർക്കിടയിൽ ക്രൂശിതരൂപമേന്തി.

മെത്രാന്റെ വേഷമിട്ടൊരാൾ ചൂണ്ടുന്നു
അതാ - അതാണ് യഥാർത്ഥ ക്രിസ്തു.
ക്രിസ്തുശിൽപ്പത്തിൻ മുഖമവൻ ഭക്ഷിച്ചു
ഉദ്ധിതൻ നിത്യജീവന്റെ അപ്പം.

നിറയെ വർണ്ണ ബലൂണുകളുയരുന്നു
നീലവിണ്ണിലേക്കുയരുന്നു ക്രൂശിതനും
ഉയിർത്തെഴുന്നേൽക്കുന്നു
ഉൺമയും ഓർമ്മയും ബോധവും.

നഗരത്തിന്റെ കണ്ണുകൾ ഉയരത്തിലേക്ക്
നീലാകാശം മുട്ടെ ഒരു ഗോപുരം.
താഴേക്കെത്തുന്ന കനകകൊളുത്തിലെ
കിഴിയ്ക്കുള്ളിൽ സ്വർണ്ണനാണയങ്ങൾ.
സ്വർണ്ണമുണ്ടാക്കുന്നവൻ ആൽക്കെമിസ്റ്റ്
സ്വപ്നം കാണുന്നവൻ അന്വേഷകൻ.
കൊളുത്തിൽ തൂങ്ങുന്നു പഥികൻ
ഗോപുരമുകളിലേക്കെത്തുന്നു
അത്ഭുതലോകം കടന്നു
ആൽക്കെമിസ്റ്റിന്റെ മായാപ്രപഞ്ചം
മന്ത്രങ്ങൾ മുഴങ്ങുന്നു
മാന്ത്രിക വൃത്തങ്ങൾ മായുന്നു
ജീവിതരഹസ്യങ്ങൾ തേടി
ജനിമൃതിക്കിടയിൽ
ഉപബോധത്തിന്റെ പർവതത്തിൽ
ഉപാസകരുടെ കാലൊച്ചകൾ.

ജൊഡോറോവ്സ്കിയുടെ
സൈക്കോ മാജിക്കൽ
ചലച്ചിത്ര കവാടം തുറക്കപ്പെടുന്നു
സർ റിയൽ ദൃശ്യപരമ്പരയിൽ


വിശുദ്ധ ശൈലത്തിലേക്കുള്ള
വീണ്ടെടുപ്പിൻ ഗീതം
ഒരു അപൂർവ്വ യാത്രയിൽ നാം...
ഒരു ഹിപ്നോട്ടിക്ക് യാത്രയിൽ....

### 3. വിശുദ്ധ രക്തം

വിസ്മൃതിയുടെ തടവറയിൽ
വിവസ്ത്രമായി മരക്കുറ്റിയിൽ
ഭീതിയോടിരിക്കുന്നവനേ,
ഭക്ഷണം കഴിക്കൂ, താഴേക്കിറങ്ങൂ.

വെന്തമത്സ്യം ആർത്തിയോടെ വിഴുങ്ങുന്നവൻ
വസ്ത്രങ്ങളേകുന്നു ശുശ്രൂഷകർ.

ഫെനിക്സിന്റെ നെഞ്ചിൽ
ഫീനിക്സിന്റെ ചിത്രം
ഭൂതകാലം ശ്മശാനമാണെങ്കിലും
ഭാവിയിലേക്ക് ഉയിർക്കാനാവും.




കഴുകൻ ചിറകടിക്കുന്ന നഗരം
കാമനകൾ തൻ കൂടാരം
തെരുവുകൾ ഹർഷപുളകിതം
താളമേള വിളംബരം.

ഗ്രിങ്കോ സർക്കസ് കാണൂ
ഗംഭീരം ഭൂവിലെ വലിയ പ്രകടനം.

KSFDC
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

ട്രപ്പീസ് കളിക്കുന്ന സുന്ദരികൾ
ത്രസിപ്പിക്കും കുട്ടിമജീഷ്യനും.
ഇന്ത്യൻ വനത്തിലെ കടുവയെ കാണാം
ഇരുണ്ട ആഫ്രിക്കയിലെ ആനയെ കാണാം
രോമം നിറഞ്ഞ കുരങ്ങൻ
രൂപത്തിൽ കുള്ളൻ ആനപ്പാപ്പാനും.

കത്തിയേറുകാരൻ ഓർഗോ
കോഞ്ച ട്രപ്പീസ് കളിക്കാരി
കൊച്ചു മാന്ത്രികൻ പുത്രൻ ഫെനിക്സ്
കമനീയ മേനിയിൽ പച്ചകുത്തിയ മദാലസ
കയറിൽ നടക്കുന്നു ബാലിക അൽമാ
കോമാളികൾക്കൊപ്പം കുള്ളൻ അലാദിൻ.

ഓർഗോയുടെ കത്തികൾ തറയുന്നു
ഉടലഴകുമായി നടുവിൽ ടാറ്റൂ മദാലസ
ജ്വാലകൾ പടരുന്ന കയറിൽ നടക്കുന്നു
ജാലികൻ ഫെനിക്സിന്റെ കനിയുമായി
അൽമാ.

ഇരുകരവും വെട്ടിമാറ്റപ്പെട്ടൊരു ബാലികതൻ
തിരുരക്തം തുളുമ്പും തീർത്ഥവും
വിശുദ്ധ രൂപവും വിശ്വാസികളും
വിലപിക്കുന്നു കോഞ്ച, തകർക്കരുതീ ഹർമ്യം.

ആരാധനാലയം ഇടിച്ചിറക്കാൻ
അണിനിരക്കുന്നു സൈന്യം
ബുൾഡോസറിൻ മുന്നിൽ നിൽപ്പൂ
ഭയമേതുമില്ലാതെ കോഞ്ചയും കൂട്ടരും.

വിലപിക്കുന്നു കൊച്ചു ഫെനിക്സ്
വേണ്ടയമ്മേ, പിൻവാങ്ങുക.
വൈദീകനൊരാൾ കൽപ്പിച്ചൂ
വിശുദ്ധമല്ലീ ചോരയും രൂപവും
തകർക്കുകീ വിരുദ്ധ ഗോപുരങ്ങൾ
തിരികെ കറങ്ങട്ടെ വിശ്വാസ ഭൂഗോളവും.

കൂടാരത്തിലെ പച്ചകുത്തിയ മൊണാലസേ
കുന്നത്തുവെച്ച വിളക്ക് പോൽ നീ മന്മഥം
നഗ്നലാവണ്യ കനൽപ്പൂവിൽ
നറുമണം മുകരുന്നു ഓർഗോ.

കലി തുള്ളുന്നൂ കളത്രം കോഞ്ചോ
കാന്തന്റെ കാമലാമ്പട്യത്തിൽ.

ചോര ഛർദിച്ചു ചെരിയുന്നു കളഭം
ചിരകാല സുഹൃത്തിന്റെ വിയോഗം
നീറുന്നു ബാല്യ ഹൃദയങ്ങൾ
നിർമാർജിതം ജഡപേടകം.
ദരിദ്രഗണമെത്തി വെട്ടുന്നു മാംസം
ദാരുണ കാഴ്ച്ചയിൽ വിങ്ങുന്നു കൂട്ടുകാർ.

കരയാതെ, കൊച്ചു പെണ്ണിനെ പോൽ
കരുത്തനാം പിതാവ് ഓർഗോ ചൊല്ലുന്നു.
ഒരു മന്ത്രശക്തിയാൽ നീ ആണാകും
ഒരിക്കലും തളരാത്ത ധീരനാവും.
ഫെനിക്സിന്റെ നെഞ്ചിൽ പതിപ്പിച്ചു
ഫീനിക്സിന്റെ വർണ്ണചിത്രം.

ഓരോ ജീവിതകഥയിതു യാദൃച്ഛികം
ഒറ്റയാൾ നാടകം അരങ്ങേറണം
മരിച്ചു പുനർജനിക്കേണം
മറക്കണം മരിക്കാത്ത ഓർമ്മകൾ പലതും
ദു:ഖമയമീ വഴിത്താര
ബുദ്ധനാദം കേട്ടുണരുക നീ.

സൈക്കോ മാജിക്കൽ സർറിയലിസ്റ്റ്
സിനിമയിൽ സാഹസികമീ ജീവിതം.
ഇന്നലെകളുടെ ഗുഹാന്തരങ്ങളിൽ നിന്ന്
ഇന്നിന്റെ മേച്ചിൽപ്പുറങ്ങളിൽ
മനുഷ്യമനസ്സിൽ മറഞ്ഞിരിക്കുന്ന
മൃഗവാസനകൾ മേയാനിറങ്ങുന്നു.

അതിമോഹവും ലോഭവും കാമവും
ആർത്തിരമ്പുന്ന ഹിംസയും
താണ്ഡവമാടുമ്പോൾ തപ്തമാനസങ്ങൾ
തിഥി വിട്ടുപോകുന്നു, താളം തെറ്റുന്നു.
ഭ്രമചിത്തത്തിൻ ഭാവനാ ബിംബങ്ങൾ
ഭംഗിയിൽ കാലത്തിൽ കൊത്തുന്നു ശില്പി.

വീണ്ടെടുക്കപ്പെടുന്ന ഓർമ്മകൾ
വീണ്ടും കണ്ടുമുട്ടലുകൾ, നവവിഭാതങ്ങൾ,
ശ്ലഥരൂപവുമായി കഥ തുടരുന്നു ജൊഡോറോവ്സ്കി
ശൈലീസുഭഗമീ വിശുദ്ധ രക്തം - സാന്തെ
സാൻഗ്രേ.

**4. അവസാനമില്ലാത്ത കവിത**

ജൊഡോറോവ്സ്കി തൻ ബാല്യ -
കൗമാരങ്ങൾ
ജീവസ്പന്ദനം തുടിക്കുന്ന കാലിക മുദ്രകൾ
ജ്വലിക്കുന്നൊരദ്ധ്യായമീ
ജീവിതകഥ - അവസാനമില്ലാത്ത കവിത.

ടോക്കോപില്ല പട്ടണത്തോട് വിട
തുറമുഖത്തവർ മൂന്നു പേർ
ഗദ്ഗദ കണ്ഠരായി സാറയും ജെയിമിയും
കൂടെ ബാലനാം അലജാന്ദ്രോയും.

ഒരിക്കലുമരുതീ വികാര വിക്ഷുബ്ധത
ഒരുനാളുമില്ലാത്ത ആശങ്കകൾ
വിദൂരത്തിന്റെ ആഴങ്ങൾ തെളിയുമ്പോൾ
വല്ലാത്തൊരമ്പരപ്പ്.

നഷ്ടമാകുന്നു, പ്രിയ പർവതങ്ങളും
നേർത്തലിയുന്നു മൂർച്ചയേറിയ ഗന്ധവും
കടലും കടൽമേഘങ്ങളും
കണ്ണുനീർ നനവുള്ള യാത്രയിൽ.

സ്വപ്നങ്ങളെല്ലാം പലതായി ചിതറുന്നു
ശാന്തിയാഗോവിലെ തെരുവിൽ
തൊഴിലാളി വർഗ്ഗത്തിൻ വൈരുധ്യങ്ങൾ
തീഷ്ണമാം വന്യ ചോദനകളും.

നായ്ക്കളെ പോലെ കടിച്ചു കീറുന്നവർ
നിണമണിഞ്ഞ ദിനരാത്രങ്ങൾ
നരകയാതനയെങ്കിലും
നിത്യജീവിതം മഹോത്സവം.

കവിയാവാൻ കൊതിച്ചു കൊച്ചലജാന്ദ്രോ
ക്ളാസിക്കുകൾ വായിച്ചു രഹസ്യമായി
പിതാവ് ജെയിമിക്ക് പക്ഷേ
പഠിപ്പിച്ചു ഡോക്ടറാക്കാൻ മോഹം.


ഭൂകമ്പത്തിൽ പോലും ദൃഢചിത്തനാവണം
ഭഗ്നമാവുമ്പോഴും പൊട്ടിച്ചിരിക്കണം
ഭാവിയൊരു യുദ്ധകാണ്ഡം
ഭാസുരമാവണം ജീവിതം.

സാറായുടെ സംഗീതഭാഷണം
സ്വപ്നലോകത്തെ വികാരകോകിലം
കുടുംബിനി അവൾക്കെപ്പോഴും
കുടുംബബന്ധങ്ങളാണു സ്വർഗം.

കവിതയ്ക്കുള്ളിലെ പ്രപഞ്ചം
കനിവിൻ പ്രകൃതിഹൃദയം
പ്രവാഹമതു തടുക്കാനാവില്ല
പ്രചണ്ഡമായേക്കാം മന്ദമാരുതൻ.

ഏറ്റുമുട്ടുന്നു സ്വപ്നങ്ങൾ
ഏതോ വഴിപറയുന്നു ചേതന
അന്വേഷിക്കുന്നവൻ പലായനം ചെയ്യുന്നു
ആത്മാവിന്റെ പ്രതിബിംബം തേടുന്നു.

അലജാന്ദ്രോ വീടുവിട്ടിറങ്ങുന്നു
അതിയാഥാർഥ്യമീ കലാലോകം
അതിവിചിത്രമാം സങ്കേതങ്ങൾ
അനുരഞ്ജനമില്ലാത്ത സംഘർഷങ്ങൾ.




ചിത്രകലയുടെ ഇന്ദ്രജാലം
ശിൽപ്പങ്ങളുടെ നിശ്ചലനൃത്തം
സാഹിത്യധാരകൾ തൻ ത്രിവേണികൾ
സംക്രമണങ്ങൾ, സംഗമങ്ങൾ.

ഫിലിം വിഷൻ
JODOROVSKY FILM FESTIVAL
PUBLISHED BY FILCA FILM SOCIETY



KSFDC
കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

സാക്ഷിയായി കാലം ചിരിക്കുന്നു
സുന്ദരസുരഭില യൗവ്വനം വിടരുന്നു
ഋതുരഥത്തിലെ രാജനാവുന്നു
രജോസത്വ ഗുണപ്രിയൻ അലജാന്ദ്രോ.
രാക്ഷസിയെ പോലൊരു കവയിത്രി
രക്ഷാരഹസ്യമവൾക്ക് സ്വന്തം ചാരിത്രചർമ്മം
എങ്കിലും അലജാന്ദ്രോയ്ക്കവൾ അടിമ
ആനന്ദം കാവ്യശിഖകൾ തൻ സംഭോഗം.

സ്നേഹത്തിൻ മുലപ്പാൽ മധുരം
സാറായ്ക്ക് മിഴിനീർ തുള്ളികൾ
പുത്രവിരഹത്തിൻ തേങ്ങൽ
പിതാവ് ജെയിമിയും മൗനം.

ഒന്നുചേരുമെങ്കിലും ഒരുമിക്കയില്ല
ഒരുനാളും ചിന്താ ധ്രുവങ്ങൾ
സാന്ത്വനം തേടുന്നു കവിത
സങ്കീർണ്ണമാം കഥ തുടരുന്നു.

പാരീസിലേക്കുള്ള പലായനം
പാരാവാരത്തിനപ്പുറം കിനാവിന്റെ തീരം
പോവരുതെന്ന് പിതാവ്
പുറപ്പാടൊരു നിയോഗമെന്ന് പുത്രൻ.

ആത്മകഥനത്തിൽ നൊമ്പരചിമിഴികൾ
അന്ത:രംഗത്തിൽ തെളിയുമ്പോൾ
സംവിധായകൻ ജൊഡോറോവ്സ്കി
സിനിമതൻ സങ്കല്പ ജാലകം തുറക്കുന്നു.

അജ്ഞാതമാണു മനസ്സിൻ പ്രേരണകൾ
അനശ്വരമാണതിൻ അക്ഷരങ്ങൾ
അനന്തമീ പ്രപഞ്ചത്തിലുണ്ട്
അവസാനിക്കാത്ത കവിത.

★ ★ ★



ഫിലിം വിഷൻ
JODOROVSKY FILM FESTIVAL
PUBLISHED BY FILCA FILM SOCIETY
45
KSFDC
കേരള ഭാഗ്യക്കുറി



# കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനം

## ഓർമ്മകളുടെ ഓളങ്ങൾ - പരമ്പര - 3



ജോർജ്ജ് മാത്യൂ, ചലച്ചിത്ര ഫിലിം സൊസൈറ്റി, തിരുവനന്തപുരം

ചലച്ചിത്ര ഫിലിം സൊസൈറ്റിയുടെ ചരിത്രത്തെക്കുറിച്ച് പറയാൻ തുനിയുമ്പോൾ കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ അമ്മത്തൊട്ടിലായ ചിത്രലേഖ ഫിലിം സൊസൈറ്റിയെക്കുറിച്ച് പറയാതെ പോകാൻ ആവില്ല.

1967 ലാണ് ഫിലിം സൊസൈറ്റി എന്ന ആശയവുമായുള്ള എന്റെ അനുരാഗം തുടങ്ങുന്നത്. അതിന് മുമ്പ് ഏതാണ്ട് എട്ട് പത്ത് വർഷം തിരുവനന്തപുരം നഗരത്തിലെ ഒട്ടുമിക്ക തിയേറ്ററുകളിലുമായി സിനിമയുടെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിരുന്നു. ഇംഗ്ലീഷ് ചിത്രങ്ങളുടെ ഈറ്റില്ലമായ ശ്രീകുമാർ തിയേറ്ററിൽ സിനിമയുടെ കലാശാല വിദ്യാഭ്യാസം പൂർത്തിയായി കഴിഞ്ഞ് ഇനി എന്ത് എന്ന ആലോചനയ്ക്കുള്ള ഉത്തരമായിരുന്നു ചിത്രലേഖാ ഫിലിം സൊസൈറ്റി.

1966-67 കാലഘട്ടത്തിൽ ഞാൻ ആവഡിയിൽ ജോലിയിൽ ആയിരുന്നു. 1967 ൽ തിരുവനന്തപുരത്ത് മടങ്ങിയെത്തി. ഉപജീവനമാർഗ്ഗത്തിന് തുമ്പാ ബഹിരാകാശ കേന്ദ്രത്തിലെ ജോലിയുണ്ട്. എങ്കിലും സിനിമയുടെ പോസ്റ്റ് ഗ്രാജ്വേഷന് ചിത്രലേഖയിൽ ചേരുകയായിരുന്നു.

ചിത്രലേഖയുടെ ചെറിയ ചെറിയ ബ്രോഷറുകൾപോലും ചിത്രകലപോലെ മനോഹരമായിരുന്ന കാലഘട്ടം. ലോക സിനിമ എന്ന് പറയുന്നില്ല, ഈസ്റ്റേൺ ബ്ലോക്ക് എന്ന് വിശേഷിപ്പിക്കപ്പെടുന്ന, ഹംഗറി, ചെക്കോസ്ലോവാക്യ, പോളണ്ട് തുടങ്ങിയ നിരവധി ചെറിയ ചെറിയ രാജ്യങ്ങളിലെ സിനിമകൾ. നാഷണൽ ഫിലിം ആർകൈവിൽ നിന്നും എത്തുന്ന യൂറോപ്യൻ രാജ്യങ്ങളിലെ സിനിമകൾ. ഒരു ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന് പോലും ഇത്ര വൈവിധ്യമാർന്ന ഇങ്ങനെ ഒരു ചലച്ചിത്രലോകം തുറന്നിട്ട് തരാൻ ആവില്ലായിരുന്നു.

എല്ലാം അധികം നീണ്ടുനിന്നില്ല. ചിത്രലേഖ ഫിലിം സൊസൈറ്റിയെ പിൻതള്ളി ഫിലിം കോ-ഓപ്പറേറ്റീവ് പ്രാമുഖ്യം നേടി. അടൂർ, ദേവദാസ്, കുളത്തൂർ ഭാസ്ക്കരൻ നായർ തുടങ്ങിയവർ സ്വയംവരത്തിന്റെയും പിന്നീട് കൊടിയേറ്റത്തിന്റെയും പിന്നിലേക്ക് ചുവട് മാറി. ഒരു രണ്ടാംനിര ഉയർന്ന് വന്നതുമില്ല.

ഈ ദയനീയാവസ്ഥയുടെ അസ്വസ്ഥതയാൽ ബഹിരാകാശ കേന്ദ്രത്തിലെ നാലു ചെറുപ്പക്കാർ തലപുകച്ചതിന്റെ അനന്തര ഫലമായിരുന്നു അവിശ്വസനീയമായ “ചലച്ചിത്ര” എന്ന ആശയം.

ഈ ലേഖകനെ കൂടാതെ എസ്.ബി. ജയറാം, എം.എൻ.ഡി. നായർ, കെ.എൻ.ജി. കൈമൾ എന്നിവരോടൊപ്പം അഞ്ചാമതൊരാൾ കൂടി വന്നുചേർന്നു. ഒരു സന്നദ്ധ ഭടനായി ഒപ്പം കൂടിയ ആളുടെ പേർ ശ്രീ എൻ.കൃഷ്ണമൂർത്തി. ഇപ്പോൾ വിശ്വവിഖ്യാതനായ സൂര്യാ കൃഷ്ണമൂർത്തി തന്നെ!.



Jayaram, AK Dey (Genl.Secretary, FFSI), G.Aravindan, Mrinal Sen, P. Bhaskaran, Smt Geetha Sen & George Mathew.

1976 ജൂൺ മാസം പതിനൊന്നാം തീയതി അന്നത്തെ മുഖ്യമന്ത്രിയായിരുന്ന സി.അച്യുതമേനോൻ, ചലച്ചിത്രയെ അനുഗ്രഹിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. ഏഴ് ദിവസം നീളുന്ന ഒരു ചലച്ചിത്ര മേളയും തുടങ്ങി. ഇന്ന് കേട്ടാൽ അത്ഭുതം കൂറുന്ന തരം സിനിമകൾ: സത്യജിത് റേയുടെ രണ്ട് ചിത്രങ്ങൾ: ഗൂപി ഗായേൻ ബാഗ ബായേൻ, ദേവി, മൃണാൾ സെന്നിന്റെ കോറസ്സ്, ബസു ചാറ്റർജിയുടെ സാരാ ആകാശ്, ജി. അരവിന്ദന്റെ ഉത്തരായണം, മണി കാളിന്റെ ആഷാഡ് കാ ഏക് ദിൻ... 1975 ലെ സുവർണ്ണ കമലം ചിത്രമായ ചോമന ദുഡി ഉദ്ഘാടന ചിത്രം... ഫെസ്റ്റിവൽ വെന്യൂവായ കല്പന തിയേറ്ററിന്റെ വാടക 49000 രൂപ ഗേറ്റ് കളക്ഷനായി തികഞ്ഞ് കിട്ടിയില്ല. ദിവസം മൂന്ന് പ്രദർശനങ്ങൾ ഉണ്ടായിരുന്നു. സഹൃദയനായ തിയറ്റർ ഉടമ ശ്രീ. ദാവൂദ് ടിക്കറ്റ് കളക്ഷനായി ലഭിച്ച 45,000 രൂപ മാത്രം കൈപ്പറ്റി മേള വിജയിച്ചതായി പ്രഖ്യാപിച്ചു.

പക്ഷെ ഈ ഉദ്ഘാടന മേള ഒരു വലിയ തുടക്കമായിരുന്നു. ഏതാണ്ട് നാനൂറിൽപരം അംഗത്വം ചലച്ചിത്രക്ക് ലഭിച്ച് കഴിഞ്ഞിരുന്നു. ആ വാർഷിക വരുമാനം 45000 ത്തിൽ ഉൾപ്പെട്ടിരുന്നില്ല.



George Mathew, Zannusi, & Jugu Abraham

1976 ആഗസ്റ്റ് ആദ്യവാരത്തിൽ ഫെസ്റ്റിവൽ ക്ഷീണം മാറിയ ചലച്ചിത്ര ഒരു വമ്പൻ ബോംബുമായി കടന്നു വന്നു. മൃണാൾ സെന്നിന്റെ വരവ്! സർവ്വ പത്രങ്ങളും പിന്നാലെ കൂടി. ഏഴ് മൃണാൾ ദാ ചിത്രങ്ങളുടെ റെട്രോസ്പെക്റ്റീവ്. “ചലച്ചിത്ര” ഒറ്റയടിക്ക് ചിത്രലേഖയെ ബഹുദൂരം പിന്നിലാക്കുകയായിരുന്നു. എട്ട് ദിവസം മൃണാൾദാ നഗരത്തിൽ തിളങ്ങിനിന്നു. സർവ്വ സാംസ്കാരിക പ്രവർത്തകരും അദ്ദേഹത്തിന്റെ റെട്രോസ്പെക്റ്റീവിന് ഒഴുകി എത്തി. ടാഗോർ തീയേറ്ററിലേക്ക് പ്രദർശനം മാറി. ഈസ്റ്റേൺ ബ്ലോക്ക് ചിത്രങ്ങ

ളുടെ പ്രദർശനം വിജയപൂർവ്വം സാദ്ധ്യമാക്കി. 1977 ഏപ്രിലിൽ 1400 അംഗങ്ങളായപ്പോൾ അംഗത്വം താത്കാലികമായി നിർത്തിവച്ചു.

സുഗമമായ പത്ത് പതിനഞ്ച് വർഷങ്ങൾ! 1980 ൽ ഒരു പുതിയ ആശയം ചലച്ചിത്ര പ്രാവർത്തികമാക്കി. Close Look എന്ന പ്രസിദ്ധീകരണം. ബൈ ലാഗ്വേജ് ആയിരുന്നെങ്കിലും ഇതിൽ സ്വദേശ ചിത്രങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സൈറ്റ് & സൌണ്ട് പോലുള്ള ആധികാരിക പ്രസിദ്ധീകരണങ്ങളിലെ ലേഖനങ്ങളും ഹംഗറി, പോളണ്ട്, ചെക്കോസ്ലോവാക്യ, ഫ്രാൻസ്, ജർമ്മനി തുടങ്ങി നവതരംഗപ്രസ്ഥാനങ്ങളുടെ ഈറ്റില്ലങ്ങളിൽ നിന്നുമുള്ള ചലച്ചിത്ര പഠനങ്ങളും ഉൾപ്പെടുത്തി ഒരു ആംഗലേയ മാസിക എന്ന നിലയിൽ ഇന്ത്യയിലെ എല്ലാ ചലച്ചിത്ര സംഘടനകൾക്കും, ആർക്കൈവ്, എൻ.എഫ്.ഡി.സി., ഫെസ്റ്റിവൽ ഡയറക്ടറേറ്റ്, എംബസ്സികൾ എന്നിവയ്ക്കും കൃത്യമായി എത്തിച്ചുകൊടുത്തു. “ചലച്ചിത്ര” ഒരു പാൻ-ഇന്ത്യൻ സിനിമാ സംസ്കാരത്തിന്റെ ദീപശിഖയായി 1976 മുതൽ 1990 വരെയുള്ള കാലഘട്ടത്തിൽ ജ്വലിച്ചു നിന്നു.



എന്നാൽ ടെലിവിഷന്റെ കടന്ന് വരവ് അഖിലേന്ത്യാ തലത്തിൽ തന്നെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന് ക്ഷീണം വരുത്തിയിരുന്നു. ചലച്ചിത്ര അംഗസംഖ്യ നാനൂറിന് താഴേക്ക് പതിച്ചു. ഇടതടവില്ലാതെ സിനിമകൾ കാണിച്ചിരുന്നെങ്കിലും കാഴ്ചക്കാർ കുറഞ്ഞു.



Monograph on G.Aravivdan released by Utaad Amjat Ali Khan & received by Genl.Pictures Ravi. Onlooker is Abu Abraham (15th March, 1992)

ഇതിനെ അതിജീവിക്കുവാൻ കണ്ടെത്തിയ മാർഗ്ഗമായിരുന്നു ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ അന്താരാഷ്ട്ര ചലച്ചിത്രമേളയായ തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്ര മേള. 1996 ൽ ബുദ്ധദേവ് ദാസ് ഗുപ്ത ഉദ്ഘാടനം നിർവഹിച്ച മേള (TIFF) ഒരാഴ്ച നീണ്ടു നിന്നു. അത് പുതിയ വിദേശ ചിത്രങ്ങൾ ഉൾക്കൊള്ളുന്ന കിടയറ്റ മേളയായിമാറി. ലോകനിലവാരമുള്ള ഫെസ്റ്റിവൽ ബുക്ക് ഉൾപ്പെടെ ഒരാഴ്ച നീളുന്ന ചലച്ചിത്രോത്സവം 17 എഡിഷനുകൾ വിജയപൂർവ്വം സംഘടിപ്പിക്കപ്പെട്ടു.

എല്ലാ നല്ല സംരംഭങ്ങൾക്കും ഒരു കാലപരിധി ആരോ നിശ്ചയിച്ചിട്ടുണ്ടാവണം. 2013 ൽ നടന്ന സെക്രട്ടേറിയറ്റ് വളയൽ സമരം (ആഗസ്റ്റ് 11, 12 തീയതികളിൽ) നഗരം നിശ്ചലമായി. ആഗസ്റ്റ് 9 ന് തുടങ്ങിയ മേള 15 ന് അവസാനിക്കുമ്പോൾ കാണികൾ ശുഷ്കം.

ഈ ലേഖകൻ 18 വർഷം നീണ്ട ടിഫിന്റെ ഡയറക്ടർ സ്ഥാനം വിട്ട് ഒഴിഞ്ഞു. നിർഭാഗ്യവശാൽ മറ്റൊരു ഡയറക്ടറെ കണ്ടെത്താനുമായില്ല.

1976 മുതൽ 2013 വരെ നവംനവങ്ങളായ ആശയങ്ങൾക്ക് പിന്നിലും, ചുക്കാൻ പിടിക്കാൻ അവസരം നൽകിയതിനും ചലച്ചിത്രയുടെ എല്ലാ ഭാരവാഹികൾക്കും എന്റെ വിനീത നമസ്കാരം.



Making of documentary on Artist Namboothiri - Contours of Linear Rhythm. Standing L to R VK Narayanan, Jayaram, George Mathew, Vasudevan Nair, Shaji (behind Camera) & Aravindan. Namboothiri on action.

ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിൽ ആദ്യമായി നിലവിൽ വന്ന മികച്ച ഫിലിം സൊസൈറ്റിക്കുള്ള ജോൺ എബ്രഹാം പുരസ്കാരം ആദ്യത്തെ അഞ്ച് വർഷം തുടർച്ചയായി ചലച്ചിത്രക്ക് ലഭിച്ചു. തുടർന്ന് മറ്റു സൊസൈറ്റികൾക്ക് അവസരം ലഭിക്കുവാൻ മത്സരത്തിൽ നിന്നും പിൻവാങ്ങി. ഒപ്പം കേരളത്തിലെ മികച്ച ഫിലിം സൊസൈറ്റിക്ക് 2000 രൂപ ക്യാഷ് അവാർഡ് ഉൾക്കൊള്ളുന്ന ഒരു അവാർഡ് ഏർപ്പെടുത്തുകയും ചെയ്തു.

1985 ൽ ഈ ലേഖകനെ റീജിയണൽ /സെൻട്രൽ കൌൺസിൽ അംഗമായി FFSI ഉൾപ്പെടുത്തി. ആ വർഷം അവസാനിച്ച മാസത്തിൽ KSLO (കേരള സ്റ്റേറ്റ് ലെവൽ ഓഫീസ്) എന്ന FFSI യുടെ കേരള ഘടകം സ്ഥാപിക്കപ്പെടുകയും അതിൽ ആദ്യത്തെ നാല് വർഷം “ചലച്ചിത്ര” നോമിനിയും (സി.ആർ. രാജശേഖരൻ പിള്ള) ഈ ലേഖകൻ RC member എന്ന നിലയിൽ അംഗവുമായിരുന്നു.

അതിനടുത്ത വർഷം ലേഖകനെ സർക്കാർ ചലച്ചിത്ര അവാർഡ് കമ്മറ്റിയിൽ ഉൾപ്പെടുത്തിയപ്പോൾ FFSI അതിന്റെ നോമിനിയായി ഇന്ത്യൻ പനോരമയുടെ പാനലിലേക്കും നോമിനേറ്റ് ചെയ്തു. (2006 ൽ ഈ പദവിയിൽ വീണ്ടും ക്ഷണിക്കപ്പെട്ടിരുന്നു).



1987-1990 കാലഘട്ടത്തിൽ സെൻസർ ബോർഡ് അംഗമായി. 1991 ൽ ചലച്ചിത്രയുടെ ആത്മാവായിരുന്ന ജി. അരവിന്ദന്റെ ചരമത്തിന് ശേഷം, അരവിന്ദൻ പുരസ്കാരം സ്ഥാപിക്കപ്പെട്ടു. ആ അവാർഡ് 30 വർഷങ്ങൾക്ക് ശേഷവും തുടരുന്നു.

ചരിത്രം ഒരു “നിയോഗം” ആണ്. അതിലെ വെറും കരുക്കൾ മാത്രമാണ് നമ്മൾ!

★ ★ ★

# DREAM

# cake's




Open every day

Trivandrum,Kerala
contact:9037050887








ഫിലിം വിഷൻ
JODOROVSKY FILM FESTIVAL 50
PUBLISHED BY FILCA FILM SOCIETY
KSFDC
കേരള ഭാഗ്യക്കുറി

FILM VISION MONTHLY MARCH 2024 RS. 2/ RNI-KER BIL/2002/8043

| Membership | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |


Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.

വില: ~~₹ 200~~ ₹150




★ ★ ★

★ **13th EDITION**

സത്യജിത് റായ് യുടെ

പഥേർ പാഞ്ചാലി

തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com Shop Online

| | | |
|---|---|---|
| Chief Editor | - | Dr. B. Radhakrishnan. |
| Associate Editors | - | Jyothishkumar, Girija Surendran. |
| Web & Graphic Design | - | PeerBey Software, Thrissur. |
| Circulation | - | Vinodkumar P. |
| Research | - | Meril P.L |
| Editor and Publisher | - | Sabu Sankar , General Secretary, FILCA, PB 2224, Trivandrum -10. Kerala. |